# ROMAN 6
# Malayalam Bible Class - Pr.Valson Samuel

റോമാ ലേഖനം എട്ടാമത്തെ അദ്ധ്യായം ആദ്യത്തെ വാക്യം വായിക്കുക. **അതുകൊണ്ട് ഇപ്പോൾ ക്രിസ്തുയേശുവിൽ ഉള്ളവർക്ക് ഒരു ശിക്ഷാ വിധിയും ഇല്ല.** ഇംഗ്ലീഷിലെ King James version translation-ൽ അത് മലയാളത്തിലേക്ക് വിവർത്തനം ചെയ്യുകയാണെങ്കിൽ ഇപ്രകാരം അത് വായിക്കുന്നു : 'ക്രിസ്തുയേശുവിൽ ജഡത്തെയല്ല ആത്മാവിനെ അനുസരിച്ച് നടക്കുന്നവരിൽ ഇപ്പോൾ ഒരു ശിക്ഷാ വിധിയും ഇല്ല'. അവിടെ **ജഡത്തെയല്ല ആത്മാവിനെ അനുസരിച്ച് നടക്കുന്നവർ** എന്നുള്ള ഒരു സത്യം രേഖപ്പെടുത്തിയിട്ടുണ്ട്. ക്രിസ്തുയേശുവിൽ ഒരുവൻ യഥാർത്ഥമായിട്ട് ആകുമ്പോൾ അവൻ ജഡത്തെ അനുസരിച്ച് അല്ല നടക്കുന്നത് ആത്മാവിനെ അനുസരിച്ചായിരിക്കും നടക്കുന്നത്. അത് വേറൊരു രീതിയിൽ വിവർത്തനം ചെയ്യുകയാണെങ്കിൽ 'ജഡത്തെയല്ല ആത്മാവിനെ അനുസരിച്ച് നടക്കുന്ന ക്രിസ്തുയേശുവിൽ ഉള്ളവർക്ക് ഒരു ശിക്ഷ വിധിയും ഇല്ല'. അപ്പോൾ ദൈവത്തിൻ്റെ പരിശുദ്ധാത്മാവ് നമ്മിൽ നൽകിയിരിക്കുന്ന സത്യത്തിൻ്റെ ആത്മാവിൻ്റെ വലിയ പ്രവൃത്തി നമ്മെ ക്രിസ്തുയേശുവിൽ ആക്കിത്തീർക്കും. In Christ. ക്രിസ്തുവിനെ കൂടാതെ ഈ ജീവിതം നയിക്കാൻ സാധ്യമല്ല. അപ്പോൾ ആത്മാവ് നമ്മിൽ വസിക്കുന്നതിൻ്റെ ഏറ്റവും പ്രധാനപ്പെട്ട ഉദ്ദേശം നമ്മെ ക്രിസ്തുവിൽ കൊണ്ടുവരിക എന്നുള്ളതാണ്. ഇത് റോമാ ലേഖനത്തിൽ അല്ലെങ്കിൽ ദൈവവചനത്തിൽ വളരെ പ്രധാനപ്പെട്ട ഒരു അദ്ധ്യായമാണ് റോമർ എട്ട്. റോമാ ലേഖനം എട്ടാം അദ്ധ്യായം ഒന്നാം വാക്യം മുതൽ നാം പഠിക്കുമ്പോൾ, അത് ഒരു ആത്മീക യാത്രയായിട്ട് നാം പഠിക്കുമ്പോൾ അത് നമ്മളെ കൊണ്ട് എത്തിക്കുന്നത് എട്ടാമത്തെ അദ്ധ്യായം ഇരുപത്തിഒൻപതാമത്തെ വാക്യത്തിൽ ആണ്. **അവൻ മുന്നറിഞ്ഞവരെ തൻ്റെ പുത്രൻ അനേകം സഹോദരന്മാരിൽ ആദ്യ ജാതൻ ആകേണ്ടതിന് അവൻ്റെ സ്വരൂപത്തോട് അനുരൂപരാകുവാൻ മുൻനിയമിച്ചുമിരിക്കുന്നു.** അപ്പോൾ കർത്താവായ യേശു ക്രിസ്തുവിൻ്റെ സ്വരൂപത്തോട് അനുരൂപരാക്കുവാൻ മുൻനിയമിച്ചുമിരിക്കുന്നു. അവിടെ ആ ജീവിതത്തിലേക്ക് നമ്മളെ കൊണ്ട് എത്തിക്കുന്നതാണ് റോമാ ലേഖനത്തിലെ നമ്മൾ കഴിഞ്ഞ അദ്ധ്യായങ്ങളിൽ പഠിച്ചതും ഇനി പഠിക്കാൻ പോകുന്ന റോമർ എട്ടാമത്തെ അദ്ധ്യായവും. എന്നാൽ പൂർണ്ണമായിട്ട് നമ്മൾ അനുരൂപരാകുന്നത് നമ്മുടെ **തേജസ്സ്കരണത്തോടുകൂടിയാണ്. ആ മേഖല അൽപ്പമായിട്ട് ഈ അദ്ധ്യായത്തിൽ നമ്മെ അറിയിക്കുന്നുണ്ട്. എന്നാൽ ഞാൻ നേരത്തെ ഓർപ്പിച്ചതുപോലെ എബ്രായ ലേഖനം കൂടി ചേർത്ത് പഠിക്കുമ്പോൾ ആണ് അതിൻ്റെ പൂർണ്ണമായിട്ടുള്ള സത്യം നമുക്ക് ലഭിക്കുന്നത്.** റോമാലേഖനം എട്ടാം അദ്ധ്യായം രണ്ടാമത്തെ വാക്യം നാം വായിക്കുമ്പോൾ **ജീവൻ്റെ ആത്മാവിൻ്റെ പ്രമാണം എനിക്ക് പാപത്തിൻ്റെയും മരണത്തിൻ്റെയും പ്രമാണത്തിൽ നിന്ന് ക്രിസ്തു യേശുവിൽ സ്വാതന്ത്ര്യം വരുത്തി ഇരിക്കുന്നു. അപ്പോൾ നമുക്ക് വെളിയിൽ നൽകിയിരിക്കുന്നതായിട്ടുള്ള അതായത് നമ്മുടെ കരങ്ങളിൽ നൽകി ഇരിക്കുന്നതായിട്ടുള്ള പേപ്പറിൽ എഴുതപ്പെട്ട വചനം. ആ വചനം നമുക്ക് ആത്മാവിൽ ലഭിക്കുന്നതാണ് ജീവൻ്റെ ആത്മാവിൻ്റെ പ്രമാണം. അപ്പോൾ നമ്മൾ കഴിഞ്ഞ അദ്ധ്യായത്തിൽ ചിന്തിച്ചു റോമാലേഖനം ഏഴാമത്തെ അദ്ധ്യായം ആറാം വാക്യത്തിൽ അക്ഷരത്തിൻ്റെ പഴക്കത്തിൽ അല്ല ആത്മാവിൻ്റെ പുതുക്കത്തിൽ തന്നെ**

**സേവിപ്പിൻ.** അക്ഷരം, ആത്മാവ്. രണ്ട് കൊരിന്ത്യർ മൂന്നാമത്തെ അദ്ധ്യായം മൂന്നാമത്തെ വാക്യം വായിക്കുക. **ഞങ്ങളുടെ ശുശ്രൂഷയാൽ ഉണ്ടായ ക്രിസ്തുവിൽ പത്രമായി നിങ്ങൾ വെളിപ്പെടുന്നുവല്ലോ അത് മഷി കൊണ്ട് അല്ല ജീവനുള്ള ദൈവത്തിൻ്റെ ആത്മാവിനാൽ അത്രേ കൽപ്പലകയിൽ അല്ല ഹൃദയം എന്ന മാംസപ്പലകയിൽ തന്നെ എഴുതിയിരിക്കുന്നു.** അപ്പോൾ ഇതാണ് തമ്മിൽ ഉള്ള വ്യത്യാസം. ഒന്ന് മഷി കൊണ്ട് എഴുതപെട്ട വചനം, പേപ്പറിൽ എഴുതിയ വചനം, കൽപ്പലകയിൽ എഴുതിയ വചനം. എന്നാൽ ജീവനുള്ള വചനം എന്ന് പറയുമ്പോൾ ജീവൻ്റെ ആത്മാവിൻ്റെ പ്രമാണം അത് ജീവനുള്ള ദൈവത്തിൻ്റെ ആത്മാവിനാൽ എഴുതപ്പെട്ട വചനം. അത് കൽപ്പലകയിൽ അല്ല ഹൃദയം എന്ന മാംസപ്പലകയിൽ, നമ്മുടെ ഉള്ളിൽ എഴുതപ്പെട്ട ദൈവത്തിൻ്റെ വചനം. രണ്ട് കൊരിന്ത്യർ മൂന്നാമത്തെ അദ്ധ്യായം ആറാമത്തെ വാക്യത്തിൻ്റെ രണ്ടാമത്തെ ഭാഗം വായിക്കുമ്പോൾ **അക്ഷരം കൊല്ലുന്നു ആത്മാവോ ജീവിപ്പിക്കുന്നു.** നമ്മൾ അക്ഷരത്തിൽ മാത്രം ആശ്രയിച്ച് നിൽക്കുക ആണെങ്കിൽ, ആത്മാവിൻ്റെ ശുശ്രൂഷ നാം അറിയുന്നില്ല അറിയാതെ തന്നെ നമ്മളെ കൊല്ലുകയാണ്. ഒരു കൂട്ടായ്മയിൽ  ദൈവത്തിൻ്റെ ദാസൻ ജഡത്തിൻ്റെ മേഖലയിൽ നിന്ന് കൊണ്ടാണ് നിരന്തരം വചനം അറിയിക്കുന്നതെങ്കിൽ അതിനകത്ത് ഇരിക്കുന്നവർ മരിച്ച് കൊണ്ടിരിക്കുകയാണ്. അല്ലെ? അത് മരണശുശ്രൂഷയാണ്. എന്നാൽ ഒരു ദൈവത്തിൻ്റെ ദാസൻ ആത്മാവിൽ ഈ വചനം ഉള്ളിൽ ലഭിച്ച് ആത്മാവിൻ്റെ ജീവനിൽ ജീവിച്ച് ആ ജീവൻ്റെ ആത്മാവിൻ്റെ പ്രമാണം ആത്മാവിൽ കൊടുക്കുമ്പോൾ അവിടെയാണ് മരിച്ചിരിക്കുന്ന ജീവിതങ്ങളെയും ആ വചനം ജീവിപ്പിക്കുന്നത്. അപ്പോൾ ജീവൻ്റെ ആത്മാവിൻ്റെ പ്രമാണവും എഴുതപ്പെട്ട വചനവും തമ്മിലുള്ള വ്യത്യാസം നമ്മൾ മനസ്സിലാക്കിക്കൊള്ളണം. ന്യായപ്രമാണം അതിൽ ജീവൻ ഇല്ല എന്ന് പറയുന്നത് പ്രമാണത്തിൽ ജീവൻ ഇല്ല എന്ന് ഉള്ളത് അല്ല ആത്മാവിൽ അവ ഒരാൾക്ക് ലഭിക്കുന്നില്ലാ എങ്കിൽ ആ പ്രമാണത്തിന് ജീവൻ ഇല്ല. ആത്മാവിൽ ലഭിക്കണം. ഇതാണ് റോമർ എട്ടാമത്തെ  അദ്ധ്യായം രണ്ടാമത്തെ വാക്യത്തിൽ **ജീവൻ്റെ ആത്മാവിൻ്റെ പ്രമാണം എനിക്ക് പാപത്തിൻ്റെയും മരണത്തിൻ്റെയും പ്രമാണത്തിൽ നിന്ന് ക്രിസ്തുയേശുവിൽ സ്വാതന്ത്രം വരുത്തിയിരിക്കുന്നു.** ഇവിടെ രണ്ട് പ്രമാണം കാണുന്നു ജീവൻ്റെ ആത്മാവിൻ്റെ പ്രമാണം പാപത്തിൻ്റെ പ്രമാണം. ഏഴാമത്തെ അദ്ധ്യായത്തിൽ ന്യായപ്രമാണവും നാം കണ്ടു അത് എഴുതപ്പെട്ട വചനം ആത്മാവിൻ്റെ മേഖലയിൽ അല്ല അത് പേപ്പറിൽ എഴുതിയ വചനം. ന്യായപ്രമാണം അതുപോലെ ബുദ്ധിയുടെ പ്രമാണം മനസ്സിന് അകത്തുള്ള പ്രമാണം, മനഃസാക്ഷി. അപ്പോൾ നാല് പ്രമാണങ്ങൾ നാം ഇവിടെ കാണുന്നു ന്യായപ്രമാണം, ബുദ്ധിയുടെ പ്രമാണം, പാപത്തിൻ്റെ പ്രമാണം, ജീവൻ്റെ ആത്മാവിൻ്റെ പ്രമാണം. ഏഴാമത്തെ അദ്ധ്യായത്തിൽ ബുദ്ധിയുടെ പ്രമാണവും പാപത്തിൻ്റെ പ്രമാണവും തമ്മിൽ ഒരു യുദ്ധമാണ്. എന്നാൽ ഈ യുദ്ധത്തിൽ ജയിക്കുന്നത് പാപത്തിൻ്റെ പ്രമാണമാണ്. അതായത് റോമർ ഏഴാമത്തെ അദ്ധ്യായം ഇരുപത്തി മൂന്നാം വാക്യത്തിൽ **എൻ്റെ ബുദ്ധിയുടെ പ്രമാണത്തോട്  പോരാടുന്ന വേറൊരു പ്രമാണം**, പാപത്തിൻ്റെ പ്രമാണം അത് എന്നെ പാപത്തിന് അധീനമാക്കുന്നു, എൻ്റെ ശരീരത്തെ പാപത്തിന് അധീനമാക്കുന്നു, ബന്ധനാക്കിക്കളയുന്നു. അവിടെ ബുദ്ധിയുടെ പ്രമാണം ജയിക്കുന്നതായിട്ട് നാം കാണുന്നില്ല ജയിക്കുന്നത് പാപത്തിൻ്റെ പ്രമാണം ആണ്. അപ്പോൾ പാപത്തിൻ്റെ പ്രമാണത്തെ ജയിക്കുവാൻ ഒരു ഒറ്റ പ്രമാണമേ ഉള്ളു അത് ജീവൻ്റെ ആത്മാവിൻ്റെ പ്രമാണം. ആത്മാവിൽ നമ്മുടെ ഉള്ളിൽ എഴുതപ്പെടുന്നതായിട്ടുള്ള പ്രമാണം അതിന് മാത്രമേ

പാപത്തിൻ്റെ പ്രമാണത്തെ ജയിക്കുവാനായിട്ട് കഴിയുകയുള്ളൂ. അപ്പോൾ ദൈവമക്കൾ ഒരു വലിയ കൂട്ടം പാപത്തിൽ തന്നെ ജീവിക്കുന്നതിൻ്റെ കാര്യം, പാപത്തെ ജയിക്കുവാൻ കഴിയാത്തതിൻ്റെ കാരണം വചനം ജീവൻ്റെ ആത്മാവിൻ്റെ പ്രമാണമായിട്ട് ഉള്ളിൽ എഴുതപ്പെടുന്നില്ല. അതിനുവേണ്ടി ദൈവസന്നിധിയിൽ ഇരിക്കുന്നില്ല. ആത്മാവിൽ സഞ്ചരിക്കാൻ തുടങ്ങുന്നവർക്ക് ആണ് നമ്മുടെ ബൈബിളിൽ കാണുന്ന വചനങ്ങൾ ആത്മാവിൻ്റെ പ്രമാണമായിട്ട് ഉള്ളിൽ ലഭിക്കുവാൻ പോകുന്നത്. അപ്പോൾ ചില ആവശ്യം (requirement), അതായത് ആത്മാവിനെ അനുസരിച്ച് തന്നെ നടക്കണം. നമ്മൾ തുടക്കത്തിൽ 100% ആത്മാവിൻ്റെ അനുസരണയിൽ വരണം എന്നില്ല, വരികയുമില്ല. കാരണം അത് പടിപടിയായിട്ട് ഉള്ള ഒരു വളർച്ചയാണ്. അതാണ് ആത്മിക വളർച്ച. വചനം നമുക്ക് ലഭിക്കുമ്പോൾ തന്നെ അത് അനുസരിച്ചാണ് വചനം നമുക്ക് നൽകുന്നത്. ഒന്ന് പത്രോസ് രണ്ടാമത്തെ അദ്ധ്യായം രണ്ടാമത്തെ വാക്യത്തിൻ്റെ രണ്ടാം ഭാഗത്തിൽ **രക്ഷക്കായിട്ട് വളരുവാൻ വചനം എന്ന മായമില്ലാത്ത പാൽ കുടിപ്പാൻ വാഞ്ഛിപ്പിൻ**. ഇതാണ് ആദ്യം. അതും ആത്മാവിൽ തന്നെ കിട്ടണം. എന്നാൽ അങ്ങനെ കട്ടിയായിട്ടുള്ള ആഹാരമല്ല നമുക്ക് നൽകുന്നത് രക്ഷക്കായി വളരുവാൻ വചനം എന്ന മായമില്ലാത്ത പാൽ. പിന്നെ വളർച്ചയുടെ ഒരു മേഖല. വളർന്ന് കൊണ്ടിരിക്കുമ്പോൾ തന്നെ വചനത്തിൻ്റെ കട്ടികൂടിക്കൊണ്ടിരിക്കും. കട്ടിയായിട്ടുള്ള ആഹാരം നമ്മൾ വചനത്തിൽ കാണുന്നു. കഴിഞ്ഞ ദിവസങ്ങളിൽ ഞാൻ ഓർപ്പിച്ചതുപോലെ ക്രൂശിൻ്റെ വചനം കാണുന്നു, നീതിയുടെ വചനം, [highest level] ഉയർന്ന നിലവാരത്തിൽ ഉള്ള വചനം. രണ്ട് കൊരിന്ത്യർ നാലാമത്തെ അദ്ധ്യായം നാലാമത്തെ വാക്യത്തിൽ **ദൈവ പ്രതിമയായ ക്രിസ്തുവിൻ്റെ തേജസ്സുള്ള സുവിശേഷം**. ആ അളവിൽ വരുമ്പോൾ നമ്മൾ സ്വർഗീയമായതിനെ മുൻപേ കാണുന്നു, സ്വർഗീയമായത് വാഞ്ഛിക്കുന്നു, സ്വർഗീയമായതിലേക്ക് പ്രവേശിച്ച് സ്വർഗീയമായത് പ്രാപിക്കുന്നു. അപ്പോൾ അവിടെ നമ്മൾ കാണുന്നു ഒരു ആത്മിക വളർച്ച ഉണ്ട്. അവിടെ നമ്മളെ വളരുവാനായിട്ട് സഹായിക്കുന്നത് ദൈവത്തിൻ്റെ ആത്മാവ്, നമ്മളിൽ വസിക്കുന്ന സത്യത്തിൻ്റെ ആത്മാവും ദൈവത്തിൻ്റെ വചനവും ആണ്. നമ്മളെ സഹായിക്കുന്നു. പിന്നെ അതുപോലെ നമ്മുടെ അനുഗ്രഹിക്കപ്പെട്ട കൂട്ടായ്മകൾ, നമ്മുടെ ആത്മികന്മാരുമായിട്ടുള്ള ബന്ധം അതിലൂടെ ഒക്കെയാണ് നമ്മൾ ആത്മികമായിട്ട് വളർച്ച പ്രാപിക്കുന്നത്. ആ വളർച്ച നമ്മൾ പ്രാപിച്ച് കൊണ്ടിരിക്കുമ്പോൾ തന്നെ പാപത്തിൻ്റെ അവസ്ഥകളെ നമ്മൾ ജയിക്കുകയാണ്. അവിടെ ജീവിതത്തിൽ ഉള്ള അനേക പാപത്തിൻ്റെ സ്വഭാവങ്ങളെ നമ്മൾ ജയിക്കുന്നു, ജീവിത രീതികളിൽ വ്യത്യാസം വരുന്നു, കൂട്ടായ്മകളിൽ വ്യത്യാസം വരുന്നു, പ്രാർത്ഥന ജീവിതത്തിൽ വ്യത്യാസം വരുന്നു ഇത് എല്ലാം വളർച്ചയോട് അനുബന്ധിച്ച് ഈ മേഖലകളിൽ എല്ലാം ഒരു വളർച്ച അല്ലെങ്കിൽ വ്യത്യാസങ്ങൾ നമ്മൾ കാണുവാൻ തുടങ്ങും. അപ്പോൾ ഇങ്ങനെയാണ് ജീവൻ്റെ ആത്മാവിൻ്റെ പ്രമാണത്താൽ നമ്മുടെ ഉള്ളം നിറയുന്നത്. അതിലൂടെയാണ് നമ്മൾ പാപത്തിൻ്റെയും മരണത്തിൻ്റെയും പ്രമാണത്തിൽ നിന്ന് ക്രിസ്തുയേശുവിൽ സ്വാതന്ത്ര്യം നമുക്ക് ലഭിക്കുന്നത്. സത്യത്തിൻ്റെ ആത്മാവ് അങ്ങനെ ഉള്ള ജീവിതത്തിൽ വളരെ സജീവമാണ്. നമ്മുടെ ആത്മാവ് അകത്തെ മനുഷ്യനുമായിട്ട് വളരെ ബന്ധപ്പെട്ട് ജീവിക്കുന്ന ഒരു ജീവിതമാണ്. ആയതുപോലെ വചനം സമൃദ്ധിയായിട്ടുള്ള ജീവനായിട്ട് നമ്മുടെ ഉള്ളിൻ്റെ ഉള്ളിൽ നിറയും. അതാണ് നമ്മൾ ഒരു പൂർണ്ണ ആത്മ മനുഷ്യനായി വളരുന്നതായിട്ട് ഉള്ള ഒരു പ്രക്രിയ. റോമർ എട്ടാമത്തെ അദ്ധ്യായം മൂന്നാമത്തെ വാക്യം നാം വായിക്കുമ്പോൾ **ജഡത്താലുള്ള ബലഹീനതനിമിത്തം ന്യായപ്രമാണത്തിന് കഴിയാഞ്ഞതിനെ (സാധിപ്പാൻ) ദൈവം തൻ്റെ**

**പുത്രനെ പാപജഡത്തിൻ്റെ സാദൃശ്യത്തിലും പാപം നിമിത്തവും അയച്ചു, പാപത്തിന് ജഡത്തിൽ ശിക്ഷ വിധിച്ചു.** അതാണ് കർത്താവായ യേശുക്രിസ്തുവിൻ്റെ ഭൂമിയിൽ ഉള്ള ശുശ്രൂഷ. അപ്പോൾ ജഡത്താലുള്ള ബലഹീനത കൊണ്ടാണ് ന്യായപ്രമാണത്തിന് അത് കഴിയാതെ പോയത്. നമ്മൾ വായിച്ചു ന്യായപ്രമാണം വിശുദ്ധമാണ്, ന്യായപ്രമാണം ആത്മികം ആണ് എന്നാൽ മനുഷ്യൻ ജഡം ഇത് തമ്മിൽ യോജിക്കുന്നില്ല. **ജഡത്താലുള്ള ബലഹീനത നിമിത്തം ന്യായപ്രമാണത്തിന് കഴയാഞ്ഞതിനെ (സാധിപ്പാൻ) ദൈവം തൻ്റെ പുത്രനെ പാപജഡത്തിൻ്റെ സാദൃശ്യത്തിലും പാപം നിമിത്തവും അയച്ചു, പാപത്തിന്  ജഡത്തിൽ ശിക്ഷ വിധിച്ചു.** അത്  റോമാ ലേഖനം ആറാമത്തെ അദ്ധ്യായം ആറാമത്തെ വാക്യം നാം വായിക്കുമ്പോൾ **നാം ഇനി പാപത്തിന് അടിമപ്പെടാതവണ്ണം പാപശരീരത്തിന് നീക്കം വരേണ്ടതിന് നമ്മുടെ പഴയ മനുഷ്യൻ അവനോടുകൂടെ ക്രൂശിക്കപ്പെട്ടു,** അതാണ് ക്രൂശിൽ നമ്മുടെ അരുമ നാഥൻ ചെയ്തത്. നമ്മുടെ എല്ലാവരുടെയും പാപങ്ങൾ തൻ്റെ ശരീരത്തിൽ വഹിച്ചുകൊണ്ട് ഒടുക്കത്തെ ആദാം ക്രൂശിൽ പരമയാഗം ആയപ്പോൾ ക്രിസ്തുവിനോട് ചെരുവാനായിട്ട് സ്നാനം ഏല്ക്കുന്നവർ അതിൻ്റെ ആത്മികം ആയിട്ടുള്ള സന്ദേശം മനസ്സിലാക്കിക്കൊണ്ട് അത് ദൈവവും ആയിട്ടുള്ള ഒരു നിയമത്തിലേക്ക് വരുമ്പോൾ - വചനം അനുസരിച്ച്  ജീവിക്കാം എന്നുള്ള ഒരു നിയമമാണ് - ദൈവം നമുക്ക് സത്യത്തിൻ്റെ ആത്മാവിനെ നൽകുന്നു. എന്നാൽ ആത്മാവിൻ്റെ അനുസരണയിൽ ജീവിക്കുമ്പോൾ ആണ് -  ന്യായപ്രമാണം ഒരു ചത്ത പ്രമാണം ആയിട്ട് ഇസ്രായേൽ മക്കൾക്ക് പഴയ നിയമത്തിൽ കിടക്കുമ്പോൾ - പുതിയ നിയമ വിശ്വാസികളായ ദൈവമക്കൾക്ക് അത് ജീവൻ്റെ പ്രമാണമായിട്ട് തീരും.  നമ്മുടെ ആത്മാവ് എന്നുള്ളതാണ് സത്യത്തിൻ്റെ ആത്മാവ്. സത്യത്തിൻ്റെ ആത്മാവിനെ  നമുക്ക് ലഭിക്കുവാൻ ആയിട്ടാണ് കർത്താവായ യേശുക്രിസ്തു ഈ ഭൂമിയിൽ വന്ന് മരിച്ച് അടക്കപ്പെട്ട് ഉയർത്ത് എഴുന്നേറ്റ് പിതാവിൻ്റെ അടുക്കൽ ചെല്ലുന്നത്. പിതാവിൻ്റെ അടുക്കൽ ചെന്ന് തൻ്റെ ആദ്യത്തെ പ്രവർത്തിയാണ് പ്രായശ്ചിത്തം അല്ലെങ്കിൽ  പാപപരിഹാരം കഴിഞ്ഞതിന് ശേഷം അടുത്ത പ്രവർത്തിയാണ് പരിശുദ്ധാത്മാവിനെ നമ്മളിലേക്ക് അയയ്ക്കുന്നത്. ഇന്ന് പരിശുദ്ധാത്മാവ് നമുക്ക് ഇല്ലായിരുന്നുവെങ്കിൽ കർത്താവ് ക്രൂശിൽ സാധിച്ചത് ഒന്നും നമുക്ക് യാഥാർത്ഥ്യം ആകുകയില്ലായിരുന്നു. കർത്താവ് ക്രൂശിൽ നിവർത്തിച്ച പ്രവർത്തികൾ അതിലേക്ക് നമുക്ക് ഒരു കാലത്തും വരുവാൻ സാധ്യം അല്ലായിരുന്നു. കാരണം നമുക്ക് പാപബോധം ഉണ്ടാകണമെങ്കിൽ തന്നെ പരിശുദ്ധാത്മാവ് ഉണ്ടായാലേ പറ്റുകയുള്ളൂ. സത്യത്തിൻ്റെ ആത്മാവാണ് പാപത്തെ കുറിച്ചും നീതിയെയും  കുറിച്ചും ന്യായവിധിയെ കുറിച്ചും ബോധം വരുത്തുന്നത്. പരിശുദ്ധാത്മാവാണ് നമ്മെ വചനത്തിലൂടെ മാനസാന്തരത്തിലേക്ക് നയിക്കുന്നത്. പരിശുദ്ധാത്മാവാണ് നമ്മെ വിശ്വസ സ്നാനത്തിലേക്ക് നയിക്കുന്നത്. എന്നിട്ട് പരിശുദ്ധാത്മാവ് സ്നാനം ലഭിക്കുന്നവരുടെ ഉള്ളിൽ വസിക്കുവാനായിട്ട് ആഗ്രഹിക്കുന്നു. ആത്മാവ് ഉള്ളിൽ ആയിക്കഴിഞ്ഞാൽ പിന്നെ ആത്മാവിൻ്റെ പരിപൂർണ്ണ അനുസരണയിൽ ജീവിക്കുന്ന ഒരു ജീവിതം, ആ ജീവിതത്തിലാണ് ക്രിസ്തുയേശുവിലൂടെ നമുക്ക് ലഭ്യമായത് എല്ലാം ആത്മാവ് നമുക്ക് എടുത്ത് തരുന്നത്. യോഹന്നാൻ സുവിശേഷം പതിനാറാമത്തെ അദ്ധ്യായത്തിൽ ക്രിസ്തുയേശുവിൽ ദൈവത്തിൻ്റെ സർവ്വ സമ്പൂർണ്ണതയിൽ വസിക്കുമ്പോൾ, എല്ലാം സ്വർഗ്ഗത്തിലെ അനുഗ്രഹങ്ങളും നമുക്ക് വേണ്ടി നൽകിരിക്കുമ്പോൾ അത് നമുക്ക് വേണ്ടി എടുത്തു തരുന്നത് ദൈവത്തിൻ്റെ പരിശുദ്ധാത്മാവ് ആണ്. ആത്മാവാണ് സകലവും ഉപദേശിച്ച് തരുന്നത്, ആത്മാവാണ് നമ്മെ സകല സത്യത്തിലും വഴി നടത്തുന്നത്, ആത്മാവിലൂടെയാണ് ദൈവജ്ഞാനം, പരിജ്ഞാനം,

ദൈവീക ആലോചനകൾ, യഹോവഭക്തി, വിവേകം ഇതെല്ലാം നമുക്ക് ലഭിക്കുന്നത്. അപ്പോൾ അത് നമുക്ക് സാധ്യം ആക്കി തരുവാനായിട്ടാണ് യേശുകർത്താവ് പാപശരീരത്തിൽ, പാപജഡത്തിൻ്റെ സാദൃശ്യത്തിൽ ഈ ഭൂമിയിൽ വരുന്നതും ആദാമ്യ മനുഷ്യനെ ക്രൂശിക്കുന്നത്. റോമർ എട്ടാമത്തെ അദ്ധ്യായം നാലാമത്തെ വാക്യം വളരെ പ്രധാനപ്പെട്ട ഒരു വാക്യമാണ് **ജഡത്തെ അല്ല ആത്മാവിനെ അത്രേ അനുസരിച്ച് നടക്കുന്ന നമ്മിൽ ന്യായപ്രമാണത്തിൻ്റെ നീതി നിവൃത്തി ആകേണ്ടതിന് തന്നെ.** നിവൃത്തി ആകുക എന്ന് പറയുമ്പോൾ വളരെ പ്രധാനപ്പെട്ട ഒരു വാക്കാണ്. ക്രിസ്തുവിൻ്റെ ജീവിതത്തിലെ ഒന്ന് രണ്ട് വാക്യങ്ങൾ നമുക്ക് വായിക്കാം. മത്തായി സുവിശേഷം മൂന്നാമത്തെ അദ്ധ്യായം പതിനഞ്ചാമത്തെ വാക്യം. **യേശു അവനോട്: ഇപ്പോൾ സമ്മതിക്ക ഇങ്ങനെ സകല നീതിയും  നിവർത്തിക്കുന്നത് നമുക്ക് ഉചിതം എന്ന് ഉത്തരം പറഞ്ഞു.** നമ്മൾ വായിച്ചു ന്യായപ്രമാണത്തിൻ്റെ നീതി നിവൃത്തിക്ക. അപ്പോൾ ന്യായപ്രമാണത്തിൽ ഉൾക്കൊണ്ടിരിക്കുന്നതായിട്ടുള്ള ദൈവത്തിൻ്റെ നീതി ആത്മാവിലൂടെയാണ് നിവൃത്തിക്കുന്നത്. അപ്പോൾ ഈ ന്യായപ്രമാണം എന്നുള്ളതിൻ്റെ ഒരു ശരിയായ പഠിപ്പിക്കൽ (correct teaching) ഇല്ലാത്തതുകൊണ്ട് ഇന്ന് വളരെ ജനങ്ങൾക്ക് ഇതിനെ കുറിച്ച് ബോധമില്ല. ഈ ന്യായപ്രമാണം എല്ലാം എടുത്ത് കളയണം എന്നാണ് അവർ പറയുന്നത്. അതായത് മോശയുടെ പുസ്തകവും പ്രവാചക പുസ്തകവും സങ്കീർത്തനങ്ങൾ ഒക്കെ പഴയ നിയമം വേണ്ടാ എന്നുള്ള ഒരു നിലപാടിൽ ആണ്. അത് പഴയ നിയമം അല്ല അതെല്ലാം ദൈവ വചനമാണ് നമ്മളാണ് അതിൽ പഴയതും പുതിയതും എന്നൊക്കെ എഴുതി വച്ചിരിക്കുന്നു. പഴയ നിയമം എന്ന് പറഞ്ഞാൽ കല്ലിൽ എഴുതിയ പ്രമാണം, പുസ്തകത്തിൽ എഴുതിയ പ്രമാണം അതാണ് പഴയ നിയമം. പുതിയ നിയമം എന്ന് പറഞ്ഞാൽ നമ്മുടെ ഉള്ളിൽ ആത്മാവിൽ എഴുതപ്പെട്ട പ്രമാണം അതാണ് പുതിയ നിയമം. അത് ഇപ്പോൾ കർത്താവിൻ്റെ ഉപദേശങ്ങൾ ഈ 27  പുസ്തകങ്ങളിൽ, ഇവിടെ തന്നെ കിടക്കുകയാണെങ്കിൽ അത് കല്ലിൽ എഴുതിയ പ്രമാണം, പുസ്തകത്തിൽ എഴുതിയ പ്രമാണം ആണ്. നമ്മൾ ഈ പറയുന്ന പഴയ നിയമവും നമ്മൾ ഈ പറയുന്ന പുതിയ നിയമവും തമ്മിൽ ഒരു വ്യത്യാസവുമില്ല എല്ലാം ഒന്നുതന്നെ (it's all same). പഴയ നിയമവും പുതിയ നിയമവും എന്ന് അത് ആരാണ് അങ്ങനെ എഴുതിയത്? കാരണം ഇതെല്ലാം ഒരു നിയമം (testament) ആണ്. ദൈവത്തിൻ്റെ ശബ്ദം. അപ്പോൾ യേശുകർത്താവ് ഭൂമിയിൽ വരുന്നത് നമ്മൾ ഈ പറയുന്ന പഴയതിനെ നിവർത്തിക്കുവാനായിട്ടാണ്. എന്ന്  പറഞ്ഞാൽ ആത്മാവിൽ അല്ലാത്തത് അതായത് പഴയ നിയമത്തിൽ വിശ്വാസികൾ അവരിൽ ആത്മാവിൻ്റെ പ്രവർത്തനം ഇല്ലായിരുന്നു. അവർക്ക്  വചനം ആത്മാവിൽ അല്ല ലഭിച്ചത്. മോശക്ക് കൊടുക്കുമ്പോൾ അത് കല്ലിൽ എഴുതിയാണ് കൊടുക്കുന്നത്. നമുക്ക് ഇപ്പോഴും പേപ്പറിലാണ് ഇത് കിട്ടിയിരിക്കുന്നത്. എന്നാൽ നമ്മുടെ ഭാഗ്യം ആത്മാവിൻ്റെ അനുസരണയിൽ വിധേയപ്പെടുന്നവർക്ക് ഇത് ജീവൻ്റെ ആത്മാവിൻ്റെ പ്രമാണമായിട്ട് ഉള്ളിൽ എഴുതപ്പെടും. അപ്പോൾ അങ്ങനെയാണ് യേശുകർത്താവ് ഇത് നിവർത്തിച്ചത്. അപ്പോൾ പഴയ നിയമത്തിൽ നിവർത്തിക്ക എന്ന് പറയുമ്പോൾ ഞാൻ ഇന്ന് ഓർപ്പിച്ചു യാഗനിയമങ്ങൾ എല്ലാം നിവർത്തിച്ചു. ആചരിക്കുകയല്ലായിരുന്നു താൻ യാഗമായി. യാഗനിയമങ്ങൾ ഉണ്ട് താൻ ഊനമില്ലാത്ത കുഞ്ഞാടായിരുന്നു. ഒരുക്കപ്പെട്ട ഒരു പാത്രം, ഒരുക്കപ്പെട്ട ഒരു ശരീരമായിരുന്നു. ദൈമേ നീ എനിക്ക് ഒരു ശരീരം ഒരിക്കിരിക്കുന്നു. ആയതുപോലെ ഒരു കുഞ്ഞാട്, അതിനെ അറുത്ത് മുറിച്ച് ആ യാഗപീഠത്തിൽ വയ്ക്കുമ്പോൾ അത് പൂർണ്ണ അനുസരണം ഉള്ളതായി, അതിനകത്ത് ഒരു ബഹളവുമില്ല എന്ന് പറഞ്ഞതുപോലെ യേശുകർത്താവ് ക്രൂശിലെ മരണത്തോളം താൻ

അനുസരണമുള്ളവനായിട്ട് തീർന്നു, ക്രൂശിലെ മരണത്തോളം ഒരു സൗരഭ്യവാസനയായിട്ട് താൻ തീർന്നു. അപ്പോൾ ആ യാഗനിയമങ്ങൾ എല്ലാം തൻ്റെ ജീവിതത്തിലൂടെ താൻ നിവർത്തിച്ചു. ആയതുപോലെ നമ്മൾ ഏഴ് ഉത്സവങ്ങൾ നോക്കുമ്പോൾ അത് എല്ലാം തൻ്റെ ജീവിതത്തിലൂടെ താൻ നിവർത്തിച്ചു. പെസഹ ആചരിക്കുക അല്ലായിരുന്നു താൻ പെസഹ യാഗമായിട്ട് തീർന്നു. പുളിപ്പില്ലായ്മ ആചരിക്കുക അല്ലായിരുന്നു പുളിപ്പില്ലാത്ത ഒരു അപ്പമായിട്ട് തീർന്നു. ഊനമില്ലാത്ത ഒരു കുഞ്ഞാട് പുളിപ്പില്ലാത്ത അപ്പം, സ്വർഗ്ഗത്തിൽ നിന്ന് ഇറങ്ങി വന്ന സ്വർഗീയമായിട്ടുള്ള അപ്പം. ആദ്യഫലം എന്ന് പറയുമ്പോൾ ഒരു കറ്റ എടുത്ത് ആലയത്തിൽ കൊണ്ടുപോകുക അല്ലായിരുന്നു തൻ്റെ ജീവിതം ആദ്യഫലമായിട്ട് പിതാവിൻ്റെ ആലയത്തിൽ താൻ ഒരു മഹാപുരോഹിതനായിട്ട് തീർന്നു, അപ്പോൾ അത് അതിൻ്റെ നിവൃത്തീക്കരണം ആണ്. പെന്തെകോസ്ത് എന്നുള്ളത് പഴയ നിയമത്തിൽ നാം കാണുമ്പോൾ താൻ ജീവിപ്പിക്കുന്ന ആത്മാവായി, പെന്തകോസ്ത് ആയി. പെന്തെകോസ്തിൽ ആലയം ഉണ്ട്. ആത്മാവ്, ആലയം, വചനം ഈ മൂന്ന് മേഖലയിൽ പെന്തെകോസ്തിൽ പെന്തെകോസ്ത് പെരുന്നാളിനോട് അനുബന്ധിച്ച് നാം പഠിക്കണം. താൻ ഇത് എല്ലാം നിവർത്തിച്ച്. താൻ ആദ്യം ഒരു ആലയമായി. യോഹന്നാൻ രണ്ടാമത്തെ അദ്ധ്യായം പത്തൊമ്പതാമത്തെ വാക്യത്തിൽ കർത്താവ് പറയുന്നു **ഈ മന്ദിരം പൊളിപ്പിൻ ഞാൻ മൂന്ന് ദിവസത്തിനകം അതിനെ പണിയും.** തൻ്റെ ശരീരം ആകുന്ന മന്ദിരത്തെ കുറിച്ചാണ് പറയുന്നത്. നമ്മൾ ഇന്നലെ വായിച്ചു മനുഷ്യപുത്രനായിട്ട് വന്ന യേശുകർത്താവ് മനുഷ്യപുത്രനായിട്ട് ജീവിച്ചിട്ട് വിശുദ്ധിയുടെ ആത്മാവ് സംബന്ധിച്ച് ദൈവപുത്രൻ എന്ന് നിർണ്ണയിക്കപ്പെട്ടു. അത് ഒരളവിൽ പറഞ്ഞാൽ പുതിയ സൃഷ്ടിയുടെ ആദ്യ ഫലമാകുന്ന മനുഷ്യപുത്രനായ യേശു വിശുദ്ധിയുടെ ആത്മാവ് സംബന്ധിച്ച് ദൈവപുത്രനായി തീർന്നു. എനിക്കറിയാം ഇത് ഗ്രഹിക്കാൻ അൽപ്പം പ്രയാസമാണ്. എന്നാൽ ഞാൻ അത് അങ്ങനെ പറഞ്ഞ് അങ്ങ് വിടുകയാണ്. താൻ ഏകജാതൻ ആയിരുന്നു എന്നാൽ പുതിയ സൃഷ്ടിയുടെ ആദ്യജാതൻ ആകുന്നു. ആ ആദ്യജാതൻ വിശുദ്ധിയുടെ ആത്മാവ് സംബന്ധം ആയിട്ടാണ് ദൈവപുത്രൻ എന്ന് നിർണ്ണയിക്കപ്പെട്ടത്. ആദ്യജാതനായ ദൈവപുത്രൻ, ഏകജാതനായ ദൈവപുത്രൻ അല്ലെങ്കിൽ ഏകജാതനായ ദൈവപുത്രൻ ആദ്യജാതനായ ദൈവപുത്രൻ, അത് വിശുദ്ധിയുടെ ആത്മാവ് സംബന്ധിച്ച് നമുക്ക് ഒരു മാതൃക കാണിക്കുകയാണ്. മനുഷ്യപുത്രനായിട്ട് വന്ന് താൻ ഒരു ജീവിതം നിവർത്തിച്ചിട്ട് ആത്മാവിൻ്റെ പൂർണ്ണ അനുസരണയിൽ താൻ ദൈവപുത്രനായിട്ട് പുതിയ സൃഷ്ടിയിൽ തീരുമ്പോൾ നമ്മുടെ പാതയും അത് തന്നെ ആണ്, നമ്മളെ കാണിക്കുകയാണ്. നമ്മളും ആ പാതയിലൂടെ സഞ്ചിരിച്ചിട്ട് വിശുദ്ധ ആത്മാവിൻ്റെ അനുസരണയിൽ, വിശുദ്ധിയുടെ ആത്മാവ് സംബന്ധമായിട്ട് നമ്മളും ദൈവപുത്രന്മാരായിട്ട് തീരുക.'sonship'.എട്ടാമത്തെ അദ്ധ്യായത്തിൽ പറയുന്നു ദൈവപുത്രൻ. മത്തായി എഴുതിയ സുവിശേഷം മൂന്നാമത്തെ അദ്ധ്യായം പതിനഞ്ചാമത്തെ വാക്യത്തിൽ **ഇപ്പോൾ സമ്മതിക്ക ഇങ്ങനെ സകല നീതിയും നിവർത്തിയാകുന്നത് നമുക്ക് ഉചിതം.**അഞ്ചാമത്തെ അദ്ധ്യായത്തിൽ 'നിവർത്തിയാകുക' അതാണ് നമ്മൾ ഇപ്പോൾ ചിന്തിക്കുന്നത്. ഇവിടെ മത്തായി എഴുതിയ സുവിശേഷം അഞ്ചാം അദ്ധ്യായം പതിനേഴാം വാക്യം **ഞാൻ ന്യായപ്രമാണത്തെയോ പ്രവാചകന്മാരെയോ നിക്കേണ്ടതിന് വന്നു എന്ന് നിരൂപിക്കരുത് നീക്കുവാൻ അല്ല നിവർത്തിപ്പാൻ അത്രേ ഞാൻ വന്നത്.** അപ്പോൾ പലരും ഇത് നീക്കുവാനായിട്ട് ഇപ്പോൾ പരസ്യമായിട്ട് പറയുന്നുണ്ട്. നീക്കുവാനല്ല കർത്താവ് വന്നത് അതിനെ നിവർത്തിപ്പാനാണ് വന്നത്. താൻ അതിനെ നിവർത്തിച്ചോ? നിവർത്തിച്ചു. തൻ്റെ ജീവിതത്തിലൂടെ, പൂർണ്ണ അനുസരണയിലൂടെ,

ക്രൂശിലൂടെ, ഉയർപ്പിലൂടെ, ഉയർപ്പിലൂടെ താൻ ആദ്യ ഫലമായി - ആദ്യ ഫലം ആലയത്തിന് വേണ്ടി ഉള്ളതാണ് - ആ ആലയത്തിൽ ഇന്ന് പിതാവിൻ്റെ വലത്ത് ഭാഗത്ത് നമുക്ക് വേണ്ടി ഇരിക്കുന്നു. ആദ്യ ഫലം ദൈവത്തിന് വേണ്ടിയുള്ളതാണ്. കർത്താവായ യേശുക്രിസ്തു അദ്യഫലം. ഈ ആദ്യഫലം പാപസംബന്ധമായി ഒരിക്കലായിട്ട് മരിച്ചിട്ട് ഇന്ന് ഇപ്പോൾ ദൈവത്തിനുവേണ്ടി ജീവിക്കുന്നു. മത്തായി എഴുതിയ സുവിശേഷം അഞ്ചാമത്തെ അദ്ധ്യായം പതിനെട്ടാമത്തെ വാക്യം **സത്യമായിട്ട് ഞാൻ നിങ്ങളോട് പറയുന്നു: ആകാശവും ഭൂമിയും ഒഴിഞ്ഞുപോകുംവരെ സകലവും നിവൃത്തിയാകുവോളം ന്യായപ്രമാണത്തിൽ നിന്ന് ഒരു വള്ളി എങ്കിലും പുള്ളിയെങ്കിലും ഒരുനാളും ഒഴിഞ്ഞുപോകയില്ല.** ഇതൊക്കെ യേശുകർത്താവിൻ്റെ വാക്കുകൾ ആണ് കേട്ടോ? യേശുകർത്താവിൻ്റെ വചനങ്ങളാണ്. മത്തായി എഴുതിയ സുവിശേഷം അഞ്ചാമത്തെ അദ്ധ്യായം പത്തൊൻമ്പതാം വാക്യത്തിൽ **ആകയാൽ ഈ ഏറ്റവും ചെറിയ കൽപ്പനകളിൽ ഒന്ന് അഴിക്കയും മനുഷ്യരെ അങ്ങനെ പഠിപ്പിക്കയും ചെയ്യുന്നവൻ സ്വർഗ്ഗരാജ്യത്തിൽ ഏറ്റവും ചെറിയവൻ എന്ന് വിളിക്കപ്പെടും.** അപ്പോൾ ഇവിടെ നിവർത്തിച്ചു എന്ന് കാണുന്നു. ഇനി നമുക്ക് റോമാ ലേഖനം എട്ടാമത്തെ അദ്ധ്യായത്തിലേക്ക് വരാം അവിടെ നാലാമത്തെ വാക്യം നാം വായിച്ചത് **ജഡത്തെ അല്ല ആത്മാവിനെ അത്രേ അനുസരിച്ച് നടക്കുന്ന നമ്മിൽ ന്യായപ്രമാണത്തിൻ്റെ നീതി നിവൃത്തിയാകേണ്ടതിന് തന്നെ.** അങ്ങനെ മൂന്ന് സ്ഥാനങ്ങളിൽ നീതിയുടെ നിവൃത്തി കാണുന്നു. യേശുകർത്താവ് പറയുന്നു ന്യായപ്രമാണത്തെ നീക്കുവാനല്ല ഞാൻ വന്നത് പ്രവാചകന്മാരെ നീക്കുവാനല്ല ഞാൻ വന്നത് നിവൃത്തിപ്പാൻ ആണ് വന്നത്. ഇവിടെ റോമാ ലേഖനം എട്ടാമത്തെ അദ്ധ്യായം നാലാമത്തെ വാക്യത്തിൽ നാം വായിക്കുമ്പോൾ ജഡത്തെ അല്ല ആത്മാവിനെ അത്രേ, അത്രേ എന്നുള്ളത് വളരെ പ്രധാനം ആണ്. അനുസരിച്ച് നടക്കുന്നവരിൽ ന്യായപ്രമാണത്തിൻ്റെ നീതി നിവൃത്തി ആകുക. അങ്ങനെയാണെങ്കിൽ പെസഹാ നമ്മിൽ നിവൃത്തിയാകണം. നമുക്ക് പെസഹാ യാഗം ആകുക അല്ല, എന്നാൽ നമുക്ക് പെസഹായിലൂടെ ലഭിക്കേണ്ടത് പാപമോചനം, പുതിയ നിയമം, എബ്രായർ പത്താമത്തെ അദ്ധ്യായം പത്തൊമ്പതാമത്തെ വാക്യത്തിൽ പറയുന്നതുപോലെ **അതുകൊണ്ടു സഹോദരന്മാരേ, യേശു തന്റെ ദേഹം എന്ന തിരശ്ശീലയിൽകൂടി നമുക്കു പ്രതിഷ്ഠിച്ച ജീവനുള്ള പുതുവഴിയായി,** രക്തം അങ്ങനെ ഒരുപാട് കാര്യങ്ങൾ ഉണ്ട്. അത് എല്ലാം നമ്മുടെ ജീവിതത്തിൽ നിവർത്തിയാകണം. ഒന്ന് പത്രോസ് ഒന്നാമത്തെ അദ്ധ്യായം പതിനാറാമത്തെ വാക്യത്തിൽ പറയുന്നു **ഞാൻ വിശുദ്ധൻ ആയിരിക്കുന്നതുപോലെ നിങ്ങളും വിശുദ്ധർ ആയിരിക്കുവിൻ.** അപ്പോൾ പുളിപ്പ് ഇല്ലായ്മ നമ്മുടെ ജീവിതത്തിൽ നിവർത്തിയാകണം. അത് എങ്ങനെയാണ്? ആത്മാവിനെ അനുസരിച്ച് നടക്കുന്ന ജീവിതത്തിൽ. യേശുകർത്താവ് ആദ്യ ഫലമായി നമ്മളും ഒരു വിധം ആദ്യ ഫലം. ഒരു വിധം (same kind), അതേ തരം. പെന്തെകോസ്ത് നിവർത്തിയാകണം, ആത്മസ്നാനം പ്രാപിച്ചിരിക്കണം. ആത്മാവിൻ്റെ നിറവ്, ആത്മാവിൻ്റെ അനുസരണ, ആത്മാവിൻ്റെ ശക്തി, അഭിഷേകം ഇത്രെയും കാര്യങ്ങൾ ആത്മാവിൽ (progressive) ആയിട്ട് ലഭിക്കണം. ആത്മസ്നാനത്തിൽ ആണ് തുടങ്ങുന്നത്. ആത്മാവിൻ്റെ നിറവ് ആത്മാവ് വസിക്കുന്നു, ആത്മാവിനെ അനുസരിച്ച് നടക്കുന്നു, പിശാചിനെയും കൂട്ടരെയും ജയിക്കുന്നു, ലോകത്തെയും ജഡമോഹം, കൺമോഹം, ജീവനത്തിൻ്റെ പ്രതാപം ഇതിനെ ജയിക്കുന്നു കർത്താവ് ഇതെല്ലാം ജയിച്ചു നാമും ജയിക്കണം. അങ്ങനെ ആത്മാവിൻ്റെ ശക്തിയോടും, ആത്മാവിൻ്റെ അഭിഷേകത്തോടും കൂടെ കർത്താവിൻ്റെ സേവ ചെയ്യണം. അപ്പോൾ ആ ജീവിതത്തിൽ, ആത്മാവിനെ അനുസരിച്ച് നടക്കുന്ന ജീവിതത്തിൽ

ആണ് നമ്മുടെ ആത്മീക ഗ്രഹം പണിയപ്പെടുന്നത്. യോഹന്നാൻ രണ്ടാമത്തെ അദ്ധ്യായം പത്തൊൻമ്പതാമത്തെ വാക്യം **ഈ മന്ദിരം പൊളിപ്പിൻ ഞാൻ ഇതിനെ മൂന്ന് ദിവസം കൊണ്ട് പണിയും.** അത് തൻ്റെ ശരീരം ആകുന്ന മന്ദിരം ആണ്. മന്ദിരം - ജീവനുള്ള കല്ല്. ഒന്ന് പത്രോസ് രണ്ടാമത്തെ അദ്ധ്യായം നാലും അഞ്ചും വാക്യങ്ങളിൽ **മനുഷ്യർ തള്ളിയതെങ്കിലും ദൈവസന്നിധിയിൽ ശ്രേഷ്ഠവും മാന്യവുമായ ജീവനുള്ള കല്ലായ അവൻ്റെ അടുക്കൽ വന്നിട്ട്** സ്വർഗസ്ഥനായ ദൈവം വിലയേറിയതായിട്ട് എണ്ണിയ ആ കല്ല്. ആ ജീവനുള്ള കല്ലിൻ്റെ അടുക്കലേക്ക് നാമും വന്നിട്ട് ഒന്ന് പത്രോസ് രണ്ടാമത്തെ അദ്ധ്യായം അഞ്ചാമത്തെ വാക്യം **നിങ്ങളും ജീവൻ ഉള്ള കല്ലുകൾ എന്നപോലെ ആത്മികഗ്രഹമായി യേശുക്രിസ്തു മുഖാന്തരം ദൈവത്തിന് പ്രസാദമുള്ള ആത്മികയാഗം കഴിപ്പാൻ തക്ക വിശുദ്ധപുരോഹിതവർഗമാകേണ്ടതിന് പണിയപ്പെടുന്നു**. അങ്ങനെയാണ് ആ പെന്തെകോസ്തിൻ്റെ പൂർണ്ണത [fullness] വരുന്നത്, ആലയമായിട്ട് പണിയപ്പെടുന്നത്. നമ്മുടെ ശരീരം ആകുന്ന ആലയത്തെ ഒരു നല്ല ആലയം ആയി അതിനെ ശ്രുശ്രൂഷിക്കാൻ പുരോഹിതനായിട്ട്, റോമാലേഖനം പന്ത്രണ്ടാമത്തെ അദ്ധ്യായം ഒന്നാം വാക്യത്തിൽ പറയുന്നതുപോലെ ജീവനും വിശുദ്ധിയും ദൈവത്തിന് പ്രസാദവുമുള്ള യാഗമായിട്ട് സമർപ്പിക്കപ്പെടുന്ന ഒരു ജീവിതം. അങ്ങനെയുള്ള കല്ലുകൾ ഒന്നിച്ച്. എഫെസ്യർ രണ്ടാമത്തെ അദ്ധ്യായം ഇരുപതാമത്തെ വാക്യത്തിൽ **ക്രിസ്തു തന്നെ മൂലക്കല്ല് ആയിരിക്കെ നിങ്ങളെ അപ്പൊസ്തലന്മാരും പ്രവാചകന്മാരും അടിസ്ഥാനത്തിന്മേൽ പണിതിരിക്കുന്നു.** എഫെസ്യർ രണ്ടാമത്തെ അദ്ധ്യായം ഇരുപത്തിരണ്ടാമത്തെ വാക്യത്തിൽ **അവനിൽ നിങ്ങളെയും ദൈവത്തിൻ്റെ നിവാസമാകേണ്ടതിന് ആത്മാവിനാൽ ഒന്നിച്ച്** പണിയപ്പെടുന്ന സഭയാകുന്ന മന്ദിരം. അതാണ് അടുത്ത നിലവാരം. അതിൻ്റെ രണ്ടാമത്തെ നിലവാരം ഞാൻ പറഞ്ഞില്ല. അത് കുടുംബം ആകുന്ന ആലയം ആണ്. അവിടെ നമ്മുടെ ശരീരം ആകുന്ന വ്യക്തി ജീവിതങ്ങൾ ആലയം. അടുത്ത ആലയം കുടുംബം ആണ്. കുടുംബത്തിൽ ഭാര്യയും ഭർത്താവും, ഭർത്താവും ഭാര്യയും പുരോഹിതനും പുരോഹിതൻ്റെ തക്ക തുണയും കുഞ്ഞുങ്ങളും അതേ അളവിൽ വളർന്ന് വരുവാൻ ആയിട്ട്, ദൈവം വസിക്കുന്ന ഒരു കുടുംബം അങ്ങനെ ഉള്ള കുടുംബങ്ങൾ ഒന്നിച്ച് വരുമ്പോൾ ആണ് ദൈവത്തോട് കൂട്ടായ്മ ഉള്ളവൻ, പിതാവിനോടും പുത്രനോടും കൂട്ടായ്മ ഉള്ള കുടുംബങ്ങൾ അത് എല്ലാം ഒരുമിച്ച് വരുമ്പോൾ ആണ് സഭ ആകുന്ന ആത്മീക ഗ്രഹം ഒന്ന് തിമൊഥെയൊസ് മൂന്നാമത്തെ അദ്ധ്യായം പതിനഞ്ചാമത്തെ വാക്യത്തിൽ പറയുന്ന **സത്യത്തിൻ്റെ തൂണും അടിസ്ഥാനവുമായി ജീവനുള്ള ദൈവത്തിൻ്റെ സഭയാകുന്ന ദൈവാലയത്തിൽ** ആകുന്നത്.ഇത് നമ്മൾ പഠിച്ച് പ്രായോഗികം ആക്കേണ്ട ഒരു വിഷയം ആണ് ആത്മിക ഗ്രഹം.അതാണ് പെന്തെകോസ്ത് നമ്മളിൽ നിവർത്തിയാകുന്നത്. അപ്പോൾ ആത്മസ്നാനം പ്രാപിച്ച് രണ്ട് അന്യഭാഷ പറഞ്ഞ് വീട്ടിൽ പോകുന്നത് അല്ല അതിലൊക്കെ ഉപരിയാണ്. ഇത് പൂർണ്ണതയിലേക്ക് വരണം. ഇത് ആത്മാവിനാൽ നടത്തപ്പെടുന്ന ഒരു ജീവിതം ആണ്. എന്നിട്ട് കാഹളത്തിൻ്റെ പെരുന്നാൾ, പാപ പരിഹാരം day of atonement (പാപ പരിഹാര ദിവസം), അടുത്തത് കൂടാരപ്പെരുന്നാൾ. അത് വരുവാനുള്ള ഭാവിയിൽ നടക്കേണ്ട ഒന്നായിട്ടാണ് PENTECOSTAL SYSTEM (പെന്തക്കോസ്ത് വ്യവസ്ഥ) പഠിപ്പിക്കുന്നത്. എന്നാൽ ഇപ്പോൾ നമ്മൾ അത് ആത്മീകമായിട്ട് പ്രാപിച്ചെടുക്കേണ്ടത് ആണ്. ദൈവത്തിൻ്റെ വചനം നമ്മുടെ ഉള്ളിൽ മുഴങ്ങിക്കൊണ്ടിരിക്കണം. കാഹളത്തിൻ്റെ ശബ്ദമായിട്ട് കേട്ടുകൊണ്ടിരിക്കണം. എന്ത്? പാപത്തിൻ്റെ പരിഹാരം. ഒന്നാമത്തെ അദ്ധ്യായത്തിൽ പാപ പരിഹാരം വരുത്തിയതിന്

ശേഷമാണ് പിതാവിൻ്റെ വലത്ത് ഭാഗത്ത് നമുക്ക് വേണ്ടി മുൻകൂട്ടി ഒരു മഹാപൂരോഹിതനായിട്ട് അവിടെ ഇരിക്കുന്നത്. ദേഹമാകുന്ന തിരശ്ശീല കീറി വിശുദ്ധമന്ദിരത്തിലേക്കുള്ള വാതിൽ തുറന്നു, രക്തത്താൽ അവിടെ പ്രവേശിക്കുക, കൂട്ടായ്മ ആചരിക്കുക. പിതാവിനോടും പുത്രനോടും പരിശുദ്ധാത്മാവിൻ്റെ സഹായത്താലും ഉള്ള കൂട്ടായ്മ. അതുകൊണ്ട് ധൈര്യമായിട്ടാണ് ഒന്ന് യോഹന്നാൻ ഒന്നാമത്തെ അദ്ധ്യായം മൂന്നമത്തെ വാക്യത്തിൽ അപ്പോസ്തലൻ പറയുന്നത് **ഞങ്ങളുടെ കൂട്ടായ്മയോ പിതാവിനോടും അവൻ്റെ പുത്രനായ യേശുക്രിസ്തുവിനോടും കൂടെ ആകുന്നു**.ആ കൂട്ടായ്മ നമ്മൾ പതിനാല് പതിഞ്ച് അദ്ധ്യായങ്ങൾ വായിക്കുമ്പോൾ അത് മനോഹരം ആണ്. പിതാവിനോടും പുത്രനോടും കൂടെ ഉള്ള ആ കൂട്ടായ്മയെ പറ്റി പതിനാലാമത്തെ അദ്ധ്യായത്തിൻ്റെ മധ്യഭാഗങ്ങളിൽ (middle) പറയുന്നു. എന്നേക്കും നിങ്ങളോട് ഇരിക്കേണ്ടതിന്, വസിക്കേണ്ടതിന് സത്യത്തിൻ്റെ ആത്മാവ് എന്ന പരിശുദ്ധാത്മാവ്. പതിഞ്ചാമത്തെ അദ്ധ്യായത്തിൽ പൂർണ്ണത (perfection).നല്ല ഒരു കൂട്ടായ്മയാണ്. അല്ലേ? നിങ്ങൾ എന്നിലും ഞാൻ നിങ്ങളിലും വസിക്കുന്നു. വസിച്ചുകൊണ്ട് ഫലം കായിക്കുന്നത്. സ്നേഹത്തിൽ വസിക്കുന്ന ജീവിതം - കൽപ്പനകൾ അനുസരിച്ചാണ് സ്നേഹത്തിൽ വസിക്കുന്നത് - എന്നിട്ട് കർത്താവിൻ്റെ സ്നേഹിതന്മാർ ആകുന്ന ഒരു ജീവിതം, ഇത് കൂട്ടായ്മ ആണ്. കൂട്ടായ്മയിലാണ് ആ സ്നേഹിതന്മാർ എന്നുള്ള അളവിൽ വരുന്നത്. നിങ്ങൾ ഇനി ദാസന്മാർ അല്ല സ്നേഹിതന്മാർ. എന്നിട്ട് യോഹന്നാൻ പതിനഞ്ചാമത്തെ അദ്ധ്യായം പതിനാറാമത്തെ വാക്യത്തിൽ പറയുന്നു **നിങ്ങൾ എന്നെ തിരഞ്ഞെടുത്തു എന്നല്ല ഞാൻ നിങ്ങളെ തിരഞ്ഞെടുത്തു, നിങ്ങൾ പോയി ഫലം കായിക്കേണ്ടതിനും നിങ്ങളുടെ ഫലം നിലനിൽക്കേണ്ടതിനും നിങ്ങളെ ആക്കിവച്ചുമിരിക്കുന്നു.** എന്നാൽ അതിന് മുകളിൽ ആയിട്ട് പന്ത്രണ്ടാമത്തെ വാക്യത്തിൽ പറയുന്നുണ്ട് **ഞാൻ നിങ്ങളെ സ്നേഹിച്ചിരിക്കുന്നതുപോലെ നിങ്ങളും തമ്മിൽ തമ്മിൽ സ്നേഹിക്കേണം**. അപ്പോൾ ആ പഴയ നിയമത്തിൻ്റെ നിഴലായിട്ട് കിടക്കുന്നത് എല്ലാം നമ്മുടെ  ജീവിതത്തിൽ നിവർത്തിയാകുക. എങ്ങനെ? റോമർ എട്ടാമത്തെ അദ്ധ്യായം നാലാമത്തെ വാക്യത്തിൽ **ജഡത്തെ അല്ല ആത്മാവിനെ അനുസരിച്ച് നടക്കുന്നവരിൽ ന്യായപ്രമാണത്തിൻ്റെ നീതി** നിവർത്തിയാകുക. അത് വളരെ പ്രധാനപ്പെട്ട ഒരു വാക്യമാണ്. അല്ലാതെ ന്യായപ്രമാണത്തെയോ പ്രവാചകന്മാരെയോ സങ്കീർത്തന ഭാഗങ്ങളെയോ എടുത്ത് വെളിയിൽ കളയുവാൻ അല്ല കർത്താവ് വന്നത് അത് നിവർത്തിക്കുവാനായിട്ടാണ് വന്നത്. അപ്പോൾ അതിന് അകത്തുള്ള സത്യങ്ങൾ നമ്മൾ അറിഞ്ഞിരിക്കണം. അതിനാണ് പഴയ നിയമം നാം പഠിക്കേണ്ടത്. എന്തിന്? നിവർത്തിയാകുവാൻ. വെറുതെ കുറയെ അറിവിനല്ല, അത് നിവർത്തിയാകുവാൻ. ദൈവമാകുന്ന കർത്താവ് നമ്മളെ സഹായിക്കട്ടെ. എന്നിട്ട് ജഡം ആത്മാവ് ഇത് തമ്മിൽ താരതമ്യപ്പെടുത്തി അപ്പോസ്തലൻ നമ്മളെ  പഠിപ്പിക്കുന്നു. ഓർത്ത് കൊള്ളണം നമ്മളിൽ ഉള്ള ആദ്യത്ത അവസ്ഥയാണ് ജഡത്തിൻ്റെ അവസ്ഥ.ജഡം ആണ് ആദ്യം വരുന്നത് പിന്നെയാണ് ആത്മീകം. അത് ഒരു പ്രമാണം ആണ്. ജഡമനുഷ്യൻ ആണ് ആദ്യം ജനിച്ചത് എന്നാൽ പിന്നെയാണ് ആത്മീക മനുഷ്യൻ ജനിക്കുന്നത്. ഒന്ന് കൊരിന്ത്യർ: 15:46-49 വരെയുള്ള വാക്യങ്ങൾ വായിക്കുക**. എന്നാൽ ആത്മികമല്ല പ്രാകൃതമത്രേ ഒന്നാമത്തേത്; ആത്മികം പിന്നെത്തേതിൽ  വരുന്നു. ഒന്നാം മനുഷ്യൻ ഭൂമിയിൽനിന്ന് മണ്ണുകൊണ്ടുള്ളവൻ; രണ്ടാം മനുഷ്യൻ സ്വർഗത്തിൽനിന്നുള്ളവൻ. മണ്ണുകൊണ്ടുള്ളവനെപ്പോലെ മണ്ണുകൊണ്ടുള്ളവരും സ്വർഗീയനെപോലെ സ്വർഗീയന്മാരും ആകുന്നു. നാം മണ്ണുകൊണ്ടുള്ളവൻ്റെ പ്രതിമ ധരിച്ചതുപോലെ സ്വർഗീയൻ്റെ പ്രതിമയും ധരിക്കും.** അപ്പോൾ **ഒന്നാം മനുഷ്യൻ ഭൂമിയിൽ**

**നിന്ന് മണ്ണുകൊണ്ടുള്ളവൻ രണ്ടാം മനുഷ്യൻ സ്വർഗ്ഗത്തിൽ നിന്നുള്ളവൻ. മണ്ണുകൊണ്ടുള്ളവനെപ്പോലെ മണ്ണുകൊണ്ടുള്ളവരും സ്വർഗീയനെപോലെ സ്വർഗീയന്മാരും ആകുന്നു.** അപ്പോൾ ഈ രണ്ട് മനുഷ്യനെപ്പറ്റി നമുക്ക് നല്ല ബോധം ഉണ്ടായിരിക്കണം. അപ്പോൾ നമ്മിലുള്ള ജഡമാണ് ആദ്യം ജനിക്കുന്നത് പിന്നെയാണ് ആത്മാവ്. ജഡമനുഷ്യനിൽ ഒരു സ്വഭാവം ഉണ്ട്.അത് ഒരു വ്യവസ്ഥ ആണ്. ആ സ്വഭാവം ആണ് പുറത്ത് വരുന്നത്. അല്ലെങ്കിൽ അതിനകത്ത് ഒരു ജീവൻ ഉണ്ട്.ആ ജീവൻ പാപത്തിൻ്റെ ജീവൻ ആണ്. മരണത്തിലേക്ക് നയിക്കുന്ന ഒരു ജീവനാണ്. അതിനകത്ത് നിന്ന് നല്ല കാര്യങ്ങൾ വന്നാലും ഞാൻ ഓർപ്പിച്ചതുപോലെ അതെല്ലാം തനിപ്പകർപ്പുകൾ (duplicates) ആണ്. അത് ദൈവം പ്രസാദിക്കുകയില്ല. യെശയ്യാവ് അറുപത്തിനാലാമത്തെ അദ്ധ്യായം ആറാമത്തെ വാക്യത്തിൽ പറയുന്നു **നമ്മുടെ നീതി പ്രവർത്തികൾ എല്ലാം കറ പുരണ്ട തുണിപോലെയാണ്.** ദൈവത്തിൻ്റെ മുൻപിൽ കറ പുരണ്ട തുണി. അപ്പോൾ നമ്മൾ റോമർ എട്ടാമത്തെ അദ്ധ്യായത്തിൽ അഞ്ചാമത്തെ വാക്യം വായിക്കുമ്പോൾ **ജഡ സ്വഭാവം ഉള്ളവർ ജഡത്തിന് ഉള്ളതും ആത്മസ്വഭാവം ഉള്ളവർ ആത്മാവിന് ഉള്ളതും ചിന്തിക്കുന്നു.** ചിന്ത, മനസ്സ്. പ്രാകൃത മനസ്സ്, വ്യർത്ഥ മനസ്സ്, അന്ത മനസ്സ് എന്നൊക്കെ നമ്മൾ ചിന്തിച്ചു, അത് ജഡ മനുഷ്യനിൽ ഉള്ള മനസ്സാണ്. ആ മനസ്സാണ് രൂപാന്തരപ്പെടേണ്ടത്. **അതിലേക്ക് ആണ് നമ്മെ കൊണ്ട് വരുന്നത്. എട്ടാം അദ്ധ്യായം കഴിഞ്ഞാൽ പന്ത്രണ്ടാമത്തെ അദ്ധ്യായത്തിൽ മനസ്സിൻ്റെ രൂപാന്തരം നമ്മൾ കാണുന്നു. അത് ഈ എട്ടാമത്തെ അദ്ധ്യായം നമ്മുടെ ജീവിതത്തിൽ യാഥാർഥ്യമാകണം. എങ്കിൽ മാത്രമേ പന്ത്രണ്ടാമത്തെ അദ്ധ്യായത്തിൽ ഒന്നും രണ്ടും വാക്യങ്ങൾ നമ്മുടെ ജീവിതത്തിൽ യാഥാർഥ്യമാകുകയുള്ളു. അപ്പോൾ ജഡത്തിൽ നിന്ന് ജനിച്ചതായിട്ടുള്ള മനുഷ്യൻ അവൻ ജഡം സ്വഭാവമായിട്ടാണ് ജനിച്ചത്. ഒന്നും പോയി പഠിച്ചത് അല്ല, സ്കൂളിൽ പോയി ഒന്നും പഠിച്ചില്ല. അതിനകത്ത് പകയും പിണക്കവും അസൂയയും** ദ്രവ്യാഗ്രഹവും **ലോക സ്നേഹവും എല്ലാം** വിവേചനം കൂടാതെ എല്ലാം വ്യവസ്ഥകളും കൂടി ഒരുമിച്ച് അംഗീകരിക്കേണ്ട ഇടപാട് (package deal) **ആയിട്ടാണ് പുറത്ത് വന്നിരിക്കുന്നത്. അത് വളരും തോറും ലോകമായിട്ടുള്ള ബന്ധത്തിൽ വളരെ എളുപ്പമായിട്ട് (easy) ബന്ധപ്പെടുന്നു. ഒരു കുഞ്ഞിനെ ഒരുപാട് കാര്യങ്ങൾ ഒന്നും പഠിപ്പിക്കേണ്ട വളർന്ന് കൊണ്ടിരിക്കുമ്പോൾ ലോകമായിട്ടുള്ള ആ ഇഷ്ടം (inclination) തനിയെ (automatic) അങ്ങ് പഠിച്ചുകൊള്ളും. ഒരു കളിപ്പാട്ടം (toy) വാങ്ങിച്ചാൽ രണ്ട് കുട്ടികൾ ഉണ്ടെങ്കിൽ അത് എങ്ങനെ ഉപയോഗിക്കണം എന്ന കാര്യം നമ്മൾ പഠിപ്പിക്കേണ്ട കാര്യമില്ല അത് അതിനകത്ത് തന്നെ ഉണ്ട് മനസ്സിലാവുന്നുണ്ടല്ലോ അല്ലെ? അപ്പോൾ ജഡ സ്വഭാവമുള്ളവർക്ക് ജഡത്തെ മാത്രമേ ചിന്തിക്കാൻ പറ്റുകയുള്ളു, ജഡമാണ് ചിന്തിക്കുന്നത്. ആത്മിക മേഖലയിൽ ചിന്തിച്ചാലും ജഡ പ്രകാരമായിരിക്കും ചിന്തിക്കുന്നത്. കുറച്ച് വചനം പഠിപ്പിക്കാൻ ഇരുത്തിയാലും അവർ അത് ജഡ പ്രകാരമായിരിക്കും അത് ചിന്തിക്കുന്നത്. ഈ നോട്ട് ഒക്കെ എഴുതി അടുത്ത സ്ഥാനത്ത് പോയി പ്രസംഗിക്കണം എന്നുള്ള ചിന്തയോടെ ആയിരിക്കും ഇതൊക്കെ എഴുതുന്നത്. ജീവിതത്തിൽ ആകണം എന്ന് ഉള്ളത് അല്ല. നല്ല പോയിൻ്റ് (point ) വല്ലതും ഉണ്ടോ എന്നൊക്കെ ചിലർ ചോദിക്കുന്നത് എന്തിനാണ്? പോയിൻ്റ് (point ) കിട്ടുമ്പോൾ അവർ അത് കുറിച്ച് വെയ്ക്കും. എന്നിട്ട് അത് അടുത്ത ശ്രുശൂഷയിൽ വിളിച്ച് പറയുന്നു. ആത്മസ്വഭാവമുള്ളവർ ആത്മാവിനുള്ളത് ചിന്തിക്കുന്നു.** അപ്പോൾ ആത്മസ്വഭാവം **നമ്മൾ പ്രാപിക്കേണ്ടതായിട്ടുണ്ട്. അത് നമുക്ക് തനിയെ (automatic) ലഭിക്കുന്നത് അല്ല.നമ്മൾ ആത്മസ്വഭാവം പ്രാപിക്കേണ്ടത് ആണ്. ദൈവം അങ്ങനെയാണ് ഇട്ടിരിക്കുന്നത്. ഞാൻ പലപ്പോഴുമൊക്കെ എൻ്റെ മനസ്സിൽ കൂടെയൊക്കെ ആദ്യ കാലങ്ങളിൽ വന്നിട്ടുണ്ട് നമ്മൾ സ്നാനപ്പെടുമ്പോൾ തന്നെ ആത്മസ്നാനം കിട്ടി കഴിഞ്ഞാൽ ഉടനെ നമ്മൾ**

പൂർണ്ണമായിട്ടും (complete) ഒരു ദൈവമനുഷ്യൻ ആയി എങ്കിൽ എന്തായിരിക്കും അല്ലെ? എന്നാൽ അത് അങ്ങനെ അല്ല ദൈവം ഇട്ടിരിക്കുന്നത്. കാരണം ഒരു കുഞ്ഞ് പ്രായപൂർത്തിയായിട്ടുള്ള ഒരു മനുഷ്യനായിട്ടല്ല ജനിക്കുന്നത് കുഞ്ഞ് കുഞ്ഞായിട്ടാണ് ജനിക്കുന്നത്. പിന്നെ ആ കുഞ്ഞ് ഓരോന്ന് ഓരോന്നായി പഠിക്കണം. പല കാര്യങ്ങളും ആ കുഞ്ഞിനെ പഠിപ്പിച്ചാലേ പറ്റുകയുള്ളൂ. അങ്ങനെ അത് വളരുന്നു. അതിന് കൊടുക്കേണ്ട പാൽ കൊടുത്താലേ പറ്റുകയുള്ളൂ. അതിൻ്റെ വളർച്ചയ്ക്ക് അനുസരണമായിട്ട് ആ മാറ്റങ്ങൾ (changes) അത് മാതാപിതാക്കൾ നൽകേണ്ടതായിട്ടുണ്ട്. എന്ന് പറഞ്ഞതുപോലെ ആത്മ സന്തതി ഒരു കുഞ്ഞായിട്ട് ജനിക്കുമ്പോൾ അത് വളർച്ചയിലൂടെ ആണ് ആത്മസ്വഭാവം പ്രാപിക്കുന്നത്. നമ്മൾ അറിയുന്നില്ല കുഞ്ഞുങ്ങൾ വളരുമ്പോൾ തന്നെ അവർക്ക് പ്രകൃതിയാൽ തന്നെ കുറച്ച് കിട്ടീട്ടുണ്ട്. എന്നാൽ വളരുമ്പോൾ അപ്പനമ്മമാർ എങ്ങനെയാണ് അതുപോലെ തന്നെ ആയിരിക്കും കുഞ്ഞുങ്ങളും. അത് പെട്ടെന്ന് ശ്രദ്ധിക്കുന്നുണ്ട് (watch). അവർക്ക് ഒന്ന് നോക്കിയാൽ മതി, കണ്ടാൽ മതി. അപ്പോൾ നമ്മൾ നടക്കുന്നതും ഇരിക്കുന്നതും എഴുന്നേൽക്കുന്നതും ഇത് എല്ലാം അവർക്ക് ഒന്ന് കണ്ടാൽ മതി പെട്ടെന്ന് അവരുടെ ഉള്ളിലേക്ക് പതിയപ്പെടും (imprint). അതുകൊണ്ടാണ് മാതാപിതാക്കളുടെ സ്വഭാവങ്ങൾ പലപ്പോഴും കുഞ്ഞുങ്ങൾക്ക് പെട്ടെന്ന് ലഭിക്കുന്നത്. എന്നാൽ ആത്മസ്വഭാവത്തിലേക്ക് നമുക്ക് വരണമെങ്കിൽ അതിന് വേണ്ടി ദൈവസാന്നിധ്യത്തിൽ നമ്മൾ ഇരിക്കണം. നമ്മുടെ പിതാവിൻ്റെ അടുക്കൽ നമ്മൾ സമയം ചെലവഴിക്കണം, നമ്മുടെ രക്ഷകൻ്റെ അടുക്കൽ നമ്മൾ ഇരിക്കണം. ആ സാന്നിധ്യത്തിലൂടെയാണ് നമുക്ക് ദിവ്യസ്വഭാവങ്ങൾ പലതും ലഭിക്കുന്നത്. പുറപ്പാട് പുസ്തകത്തിൽ ദൈവത്തിൻ്റെ സാന്നിധ്യത്തിലാണ് ആ കൂടാരം ശുദ്ധീകരിക്കപ്പെടുന്നത്, അതിന് അകത്തുള്ള ആ ഉപകരണങ്ങളും ശുദ്ധീകരിക്കപ്പെടുന്നത്. പുരോഹിതന്മാർ, സാന്നിധ്യം. അപ്പോൾ നമ്മളെ വിശുദ്ധീകരണത്തിലേക്ക് കൊണ്ടുവരുവാനായിട്ടുള്ള പല മേഖലകൾ ഉണ്ട്. ഒരു പ്രധാനപ്പെട്ട മേഖലയാണ് ദൈവസാന്നിധ്യത്തിൽ സമയം ചെലവഴിക്കുന്നത്. നമ്മൾ ഒന്നും ചെയുന്നില്ലായിരിക്കും നമ്മുടെ ഉള്ളിൽ പകർന്ന് ഇരിക്കുന്ന വചനങ്ങൾ ധ്യാനിച്ച് കൊണ്ടിരിക്കുമ്പോൾ ദൈവത്തിൻ്റെ സാന്നിധ്യം ഉണ്ടാകും. അതുപോലെ നല്ല ഒരു ആത്മിക കൂട്ടായ്മകളിൽ, നിരന്തരം ഉള്ള ആത്മിക കൂട്ടായ്മകളിൽ, നല്ല അനുഗ്രിക്കപെട്ട സഭ, സത്യസഭ സത്യവചനം അറിയിക്കുന്നു അവിടെ യഥാർത്ഥ ആത്മിക കൂട്ടായ്മ എന്നുള്ള ഒരു യാഥാർഥ്യമാണ്, തമ്മിൽ തമ്മിൽ ഉള്ള സ്നേഹം. ഇങ്ങനെയുള്ള ഒരു സഭയിൽ ഒരു കുഞ്ഞ് വളരുകയാണെങ്കിൽ പെട്ടെന്നായിരിക്കും ആത്മിക കാര്യങ്ങൾ ആ കുഞ്ഞിൻ്റെ ഉള്ളിലേക്ക് ആയിത്തീരുന്നത്. ഞാൻ പറയുന്നത് ആത്മസന്തതി. പലതും വീണ്ടും ജനിച്ച്, സ്നാനപ്പെട്ട് ഇവിടെ വരുമ്പോൾ ഈ അന്തരീക്ഷം വളരെ അശുദ്ധം (polluted) ആണ്. അവൻ ശ്വസിക്കുന്നതും തിന്നുന്നതും കാണുന്നതും എല്ലാം അശുദ്ധം (polluted) ആണ്. വചനം അശുദ്ധിയിൽ ആയിരിക്കും വരുന്നത്, ജീവിത രീതി അശുദ്ധമായിരിക്കും സംസാര രീതികൾ ദൈവവചനത്തിന് അനുയോജ്യമായിരിക്കുകയില്ല പിന്നെ കാണുന്നത് കേൾക്കുന്നത് ഇടപാടുകൾ ഇതിലെല്ലാം മാലിന്യങ്ങൾ ഉണ്ട് എങ്കിൽ അത് കുഞ്ഞിന് ഒരു തരത്തിലും വളരുവാൻ സാധ്യമല്ല. ആ കുഞ്ഞ് വിശുദ്ധി എന്നുള്ള മേഖലയ്ക്ക് പകരം അശുദ്ധിയിൽ നിന്ന് അശുദ്ധിയിലേക്ക് ആയിരിക്കും പോകുന്നത്. നമ്മൾ വളരുന്ന അന്തരീക്ഷം വളരെ വളരെ പ്രധാനമാണ്. പിന്നെ നിശ്ചയമായിട്ടും ഈ ആത്മസ്വഭാവം നമുക്ക് ലഭിക്കുന്നത് ദൈവത്തിൻ്റെ വചനത്തിൻ്റെ പ്രകാശനത്തിലാണ്. നീതിയുടെ വചനം. അപ്പോൾ നീതിയുടെ സ്വഭാവമാണ് നമുക്ക് ലഭിക്കേണ്ടത്. പിന്നെ പ്രാർത്ഥന ജീവിതം ആ ദൈവസാന്നിധ്യം. അപ്പോൾ നമ്മൾ

**ആത്മികമായിട്ട് വളരുവാൻ തന്നെ ഇതെല്ലാം മനസ്സിലാക്കി അതിനുവേണ്ടി നമ്മളെ ഓരോ സ്ഥാനങ്ങളിൽ (position) ആക്കണം. അതിന് വളരുവാൻ വേണ്ടി തന്നെ, ഈ ആത്മസ്വഭാവം വ്യക്തമായിട്ട് നമുക്ക് ലഭിക്കുവാൻ വേണ്ടി തന്നെ അതിന് അനുസരണമായിട്ട് നാം ജീവിക്കണം. അപ്പോൾ ജഡസ്വഭാവമുള്ളവർക്ക് ഒരിക്കലും ആത്മാവിലൂടെ ചിന്തിക്കാൻ കഴികയില്ല. ആത്മസ്വഭാവത്തിലേക്ക് വരാതെ ആത്മാവിൽ ഉള്ളത് ചിന്തിക്കാനായിട്ട് സാധ്യമല്ല. അപ്പോൾ ഇത് നമുക്ക്** വേണ്ടതാകുന്നു (must).ഇത് തനിയെ (automatic) കിട്ടുന്നത് അല്ല. ചിലതൊക്കെ ലഭിക്കും.ഞാൻ നേരത്തെ പറഞ്ഞതുപോലെ നമ്മൾ മാതൃകയുള്ള ഉള്ള ഒരു മേഖലയിൽ പോകുകയാണ് (move) എങ്കിൽ അൽപ്പമായിട്ട് ഒക്കെ കിട്ടും. എന്നാൽ അവരവർ പ്രാപിക്കേണ്ടതാണ് അത്.ദൈവവുമായിട്ടുള്ള കൂട്ടായ്മയിൽ, ദൈവവചനത്തിൽ, ആത്മാവിൻ്റെ അനുസരണയിൽ ഇത് പ്രാപിച്ചെടുക്കണം. അപ്പോൾ ആത്മാവിനെ അനുസരിച്ച് നടക്കണമെങ്കിൽ ഒരു പ്രതിജ്ഞ തന്നെ എടുക്കണം. ദൈവസന്നിധിയിൽ ചെന്ന് ഇരുന്നിട്ട് ഒരു പ്രതിജ്ഞ എടുക്കണം. അല്ലെങ്കിൽ ദൈവത്തോട് പറയണം എനിക്ക് ആത്മാവിൽ തന്നെ ജീവിക്കണം. എല്ലാ ദിവസവും (every day) നമ്മൾ ദൈവസന്നിധിയിൽ ഇതിന് വേണ്ടി കരയണം. കർത്താവേ എനിക്ക് ആത്മാവിൽ ജീവിക്കണം. അപ്പോൾ ഒരു ചിന്തയും ഇല്ലാതെ നമ്മൾ കുറയെ ബൈബിൾ വായിക്കുന്നുണ്ട്, യോഗത്തിനും കൂട്ടത്തിനും പോകുന്നുണ്ട് ഇങ്ങനെ ആത്മികമായിട്ട് ഒരു ബോധം ഇല്ലാതെ ജീവിക്കുന്നവർക്ക് ഒരു കാലത്തും ആത്മികമായിട്ട് വളരാൻ കഴികയില്ല. അത് **സാധ്യമല്ല** (it's impossible). **നല്ല ശബ്ദത്തിൽ** അന്യഭാഷ ഒക്കെ പറഞ്ഞ് എന്നിരിക്കും, കുറയെ നല്ല കാര്യങ്ങൾ പറഞ്ഞ് എന്നിരിക്കും, പ്രബോധനം ഒക്കെ പറഞ്ഞ് എന്നിരിക്കും പക്ഷേ എങ്കിൽ ആത്മിക വളർച്ച ഇതിലൊക്കെ ഉപരിയാണ്, ആത്മാസ്വഭാവം എന്ന് പറയുന്നത് ഇതിലൊക്കെ ഉപരിയാണ്.ഇത് ചിന്തയാണ്, ചിന്താമണ്ഡലം. അത് നമുക്ക് തന്നെ പരീക്ഷിക്കാം (test). അതായത് പ്രഭാതം മുതൽ നമ്മൾ എന്താണ് ചിന്തിക്കുന്നത്. രാവിലെ എഴുന്നേറ്റ് പല്ല് തേക്കുമ്പോൾ - അത് കഴിഞ്ഞതിന് ശേഷം - നമ്മൾ എന്താണ് പല്ല് തേച്ചപ്പോൾ ചിന്തിച്ചുകൊണ്ടിരുന്നത്? അങ്ങനെ അതിനെ പരീക്ഷിക്കാം (test). ഞാൻ അത് വർഷങ്ങൾക്ക് മുൻപ് പരീക്ഷിക്കുന്നുണ്ടായിരുന്നു (test). പിന്നെ നമ്മൾ ആ ചിന്തയെ നമ്മൾ ദൈവവുമായിട്ടുള്ള ശ്രദ്ധയിലേക്ക് (focus) കൊണ്ട് വരുമ്പോൾ, ഒരു പോയിൻ്റ് (point) കഴിയുമ്പോൾ നമ്മൾ ദൈവീകമായിട്ടുള്ളത് മാത്രമായിരിക്കും ചിന്തിക്കുന്നത്. ഞാൻ സത്യമാണ് പറഞ്ഞുകൊണ്ടിരിക്കുന്നത്, വളരെ സത്യം. മറ്റൊരു ചിന്ത വരുമ്പോൾ നമുക്ക് അത് അറിയാം ഇത് ആവശ്യമില്ലാത്ത ചിന്ത ആണ് വരുന്നത് നമ്മൾ ഉടനെ അതിനെ ശാസിക്കുന്നു. എഫെസ്യർ അഞ്ചാമത്തെ അദ്ധ്യായം പതിനൊന്നാമത്തെ വാക്യത്തിൽ പറയുന്നു **അവയെ ശാസിക്ക അത്രേ വേണ്ടത്.** ഇത് നമ്മൾ വസിക്കുവാനായിട്ട് (dwell) അവസരം കൊടുക്കരുത്. ചിലർ വേണ്ടാത്തത് [negative] ആയിരിക്കും എപ്പോഴും ചിന്തിക്കുന്നത്. നമ്മുടെ ഉള്ളിൽ ആ ജഡത്തിൻ്റെ മേഖല വിരുദ്ധമായിട്ടുള്ളത് [negative] എല്ലാം ചിന്തിക്കുന്നു. അതുമല്ല നമ്മൾ അതിനകത്ത് വസിക്കുകയാണ് (dwell). ചിലർക്ക് അതിനകത്ത് ഒരുതരം വിനോദം ആണ് [kind of entertainment]. അവർ വിനോദിക്കുന്നത് (entertainment) വിരുദ്ധമായിട്ടുള്ള ചിന്തകൾ (negative thoughts) ആണ്. അതാണ് അപകടത്തിലേക്ക് കൊണ്ട് പോകുന്നത്. അടുത്തടുത്ത നില (level) ചിന്തിക്കാൻ ഒരു നെഗറ്റീവ് വ്യക്തി (negative person) ആണ്. അവർ എന്തുകണ്ടാലും വേണ്ടാത്തതെ കാണുകയുള്ളൂ. അത് മനുഷ്യൻ്റെ അവസ്ഥയാണ്. ഞാൻ പണ്ട് ഒരു ഉദാഹരണം (example) കൊടുക്കുന്നത് ഒരു വെള്ള (white) പേപ്പറിൽ ഒരു കറുത്ത (black) പുള്ളി [dot] ഇട്ട് നിങ്ങളെ കാണിക്കുകയാണെങ്കിൽ നിങ്ങൾ എന്തായിരിക്കും കാണുന്നത്? വെള്ള (white) പേപ്പർ ആണോ കറുത്ത പുള്ളിയാണോ (black dot) കാണുന്നത്?

ആ പുള്ളിയാണ് [dot] കാണുന്നത്. ഞാൻ നിങ്ങളോട് ചോദിക്കുകയാണ്. ഞാൻ അത് പരീക്ഷിച്ചിട്ടുണ്ട് [try]. അതിനകത്ത് ഒരു കറുത്ത പുള്ളി ഉണ്ടല്ലോ? ബാക്കി മുഴുവനും വെള്ളയാണ് (white). വെള്ള നമ്മൾ ഒന്നും കാണുന്നില്ല ആ കറുത്ത പുള്ളിയാണ് നമ്മൾ കാണുന്നത്. അത് നമുക്ക് ഒരു നിസാര ഉദാഹരണം [silly example] ആയിട്ട് തോന്നും എങ്കിലും നമ്മൾ അങ്ങനെയാണ്. നമ്മൾ ഒരാളെ കാണുമ്പോൾ അയാളിൽ ഉള്ള നന്മ അല്ല ആദ്യം കാണുന്നത് അയാളിൽ എന്തെങ്കിലും വേണ്ടാത്തത് [negative] ഉണ്ടോ അതായിരിക്കും നമ്മുടെ മനസ്സിൽ പെട്ടെന്ന് പതിയുന്നത് [imprint]. അത് എല്ലാം ശെരിയാണ് 'എന്നാലും' എന്ന ഒരു വാക്ക് ഉണ്ട് നമുക്ക്. അപ്പോൾ ചിന്ത അത് നമ്മൾ സൂക്ഷിക്കേണ്ട വലിയ ഒരു മേഖലയാണ്. നമ്മൾ ആത്മമനുഷ്യൻ ആകുമ്പോൾ, ഈ ആത്മസ്വഭാവത്തിലേക്ക് വരുമ്പോൾ ആണ് നമ്മൾ ഫിലിപ്പ്യർ ലേഖനം നാലാമത്തെ അദ്ധ്യായം എട്ടാമത്തെ വാക്യം വായിച്ചതുപോലെ **സത്യമായതും ഘനമായതും നീതിയായതും രമ്യമായതും സൽഗുണപുകഴ്ച്ചയായതും സൽകീർത്തിയായതും** ഒക്കെ നമ്മൾ ചിന്തിക്കാനായിട്ട് തുടങ്ങുന്നത്. സമാധാനം ഒക്കെ ചിന്തിക്കുവാനായിട്ട് തുടങ്ങുന്നത്. അപ്പോൾ നിങ്ങൾ നിങ്ങളെ തന്നെ ഒന്ന് ഇടയ്ക്ക് ഇടയ്ക്ക് പരീക്ഷിച്ചാട്ടെ. ഇടയ്ക്ക് ഞാൻ എന്താണ് ചിന്തിക്കുന്നത്? കഴിഞ്ഞ ഒരു മണിക്കൂർ ഞാൻ എന്താണ് ചിന്തിച്ചത്? നമുക്ക് ഒരു യന്ത്രം [machine] ഉണ്ടായിരുന്നെങ്കിൽ വളരെ നല്ലത് ആയിരുന്നു. പക്ഷെ അങ്ങനെയുള്ള ഒരു യന്ത്രം [machine] നമുക്ക് ഇല്ല. നമ്മളെ നമ്മൾ തന്നെ നോക്കിയാൽ മതി. അതായത് ജഡത്തിൻ്റെ ചിന്ത മരണം ആണ്. നമ്മൾ ജഡത്തിൽ ചിന്തിക്കുകയാണ് എങ്കിൽ അത് നമ്മളെ മരണത്തിലേക്കാണ് നയിക്കുന്നത്. എന്നാൽ റോമർ എട്ടാമത്തെ അദ്ധ്യായം ആറാമത്തെയും ഏഴാമത്തെയും വാക്യങ്ങളിൽ പറയുന്നു **ആത്മാവിൻ്റെ ചിന്തയോ ജീവനും സമാധാനവും തന്നെ.ജഡത്തിൻ്റെ ചിന്ത ദൈവത്തോട് ശത്രുത്വം ആകുന്നു അത് ദൈവത്തിൻ്റെ ന്യായപ്രമാണത്തിന് കീഴ്പ്പെടുന്നില്ല, കീഴ്പ്പെടുവാൻ കഴിയുന്നതുമല്ല.** അവിടെ ന്യായപ്രമാണം എന്നുള്ള ഒരു വാക്ക് കാണുന്നു. ദൈവവചനം അത് ഒരു പരീക്ഷണ പശ്ചാത്തലം [Testing ground] ആണ്. അത് നമ്മൾ ആദ്യം തുടങ്ങുമ്പോൾ വചനം വായിക്കാൻ എനിക്ക് താൽപര്യം ഉണ്ടോ? വചനം വായിക്കുമ്പോൾ ഉറക്കം വരുന്നുണ്ടോ? വചനം കേൾക്കുമ്പോൾ ഉറക്കം വരുന്നുണ്ടോ? നമുക്ക് ഇപ്പോൾ ഇവിടെ ആരെങ്കിലും ഒക്കെ വായ് പൊളിക്കുന്നുണ്ട് എങ്കിൽ ഉറക്കമാണ്. ഇവിടെ വേറെ എന്തെങ്കിലും ഒരു പരിപാടി ആണ് എങ്കിൽ വായ് പൊളിയില്ല ഒന്നുമില്ല നമ്മൾ എല്ലാം മറന്നു. നമ്മൾ അതിൽ അങ്ങ് മുഴുകി ഇരിക്കുകയാണ് (immersed). അടുത്ത മൂന്ന് നാല് മണിക്കൂർ നാം അറിയുന്നതേ ഇല്ല. അവിടെ ഒന്നും വായ് പൊളിക്കുകയില്ല. അപ്പോൾ ഞാൻ ഇത് പറയുമ്പോൾ നമ്മൾ ആ നിലവാരത്തിലേക്ക് ആയിട്ടില്ല. വചനം അതുപോലെ നമുക്ക് നമ്മുടെ ഉള്ളിൻ്റെ ഉള്ളിൽ ആ അളവിൽ ജീവനായി തീർന്നിട്ടില്ല. വചനം വസിക്കുന്ന അളവ്. സങ്കീർത്തനം ഒന്നാമത്തെ അദ്ധ്യായം രണ്ടാമത്തെ വാക്യത്തിൽ പറയുന്നു **യഹോവയുടെ ന്യായപ്രമാണത്തിൽ സന്തോഷിച്ച് അവൻ്റെ ന്യായപ്രമാണത്തെ രാപ്പകൽ ധ്യാനിക്കുന്ന മനുഷ്യൻ ഭാഗ്യവാൻ.** രാപ്പകൽ ധ്യാനിക്കുന്നവൻ. നമ്മൾ അവിടെ എങ്ങും ഒന്നും ആയിട്ടില്ല. പക്ഷെ അതാണ് നമ്മൾ ചെല്ലേണ്ടയിടം [destination]. ആ നിലവാരത്തിൽ (level) വരണം. ന്യായപ്രമാണ പുസ്തകത്തിൽ ഉള്ളത് നിൻ്റെ വായിൽ നിന്ന് നീങ്ങി പോകരുത് എന്നാണ് എഴുതിരിക്കുന്നത്. വചനം എവിടെയൊക്കെ ആണ് ഉള്ളത്? നമ്മുടെ വായിലും നമ്മുടെ ഹൃദയത്തിലും. വായിലും വചനം വേണം. കാരണം നമുക്ക് അത് വീണ്ടും വിളിച്ച് പറയണം എങ്കിൽ, നമ്മോട് തന്നെ പറയണം എങ്കിൽ വചനം നമ്മുടെ നാവിന്മേൽ ഉണ്ടായിരിക്കണം. ചിലർക്ക് വചനം നല്ല രാസമായിട്ട് തോന്നും, അത് ഒരു ഹരമാണ്, അതിനകത്തെ ചില

വാക്കുകളും അവർക്ക് ഹരണമാണ്. ആ രീതിയിൽ ഉള്ള അനേകരെ ഞാൻ വചനം പഠിപ്പിച്ചിട്ടുണ്ട്. അവർ മണിക്കൂറുകൾ ഇരിക്കും. അഞ്ച്,ആറ് മണിക്കൂറുകൾ കഴിഞ്ഞാലും അവർ എഴുന്നേറ്റ് പോകുകയില്ല. അവർക്ക് അതൊരു ഹരമാണ്. അത് ജീവിതത്തിലേക്ക് വരുവാനല്ല ഈ വചനത്തിൽ ഒരു രസം ഉണ്ട്. പ്രത്യേകിച്ച് ഈ വചനം ഒക്കെ വിവരിച്ച് [illustrate] പഠിപ്പിക്കുകയാണെങ്കിൽ അവർക്ക് എവിടെയോ ഒരു അറിവ് [faculty] ഉണ്ട്. അവർ വളരെ അധികം അത് [enjoy] ആസ്വദിക്കുന്നുണ്ട്. ഇവിടെ റോമാലേഖനം ഏഴാമത്തെ അദ്ധ്യായത്തിൽ ഇരുപത്തിരണ്ട് ഇരുപത്തിമൂന്ന് വാക്യങ്ങളിൽ തന്നെ പറയുന്നുണ്ട് **ഉള്ളം കൊണ്ട് ഞാൻ ദൈവത്തിൻ്റെ ന്യായപ്രമാണതിൽ രസിക്കുന്നു** എന്നിട്ട് **എങ്കിലും എൻ്റെ ബുദ്ധിയുടെ പ്രമാണത്തോട് പോരാടുന്ന വേറൊരു പ്രമാണം ഞാൻ എൻ്റെ അവയവങ്ങളിൽ കാണുന്നു അത് എൻ്റെ അവയവങ്ങളിൽ ഉള്ള പാപപ്രമാണത്തിന് എന്നെ ബദ്ധനാക്കിക്കളയുന്നു.** അപ്പോൾ നമ്മൾ വായിക്കുമ്പോൾ അത് പാപത്തെ ജയിക്കാൻ കഴിയാത്ത ഒരു ജീവിതമാണ്. പക്ഷെ ന്യായപ്രമാണം ഉള്ള് കൊണ്ട് രസിക്കുന്നതായി കാണുന്നു. അങ്ങനെയല്ല വചനം അനുസരിക്കുവാൻ തക്കവണ്ണമുള്ള ഒരു നിലവാരം, അവിടെ വരണം. അവിടെയാണ് നമുക്ക് മനസ്സിലാകുന്നത് നമ്മൾ ആത്മാവിൻ്റെ അനുസരണയിലാണ് ജീവിക്കുന്നത്. ആത്മാവിൻ്റെ പ്രവൃത്തി നമ്മുടെ ഉള്ളിൽ ഉണ്ട്. അവിടെ പറയുന്നത് വചനം ബുദ്ധികൊണ്ട് പഠിക്കയാണ്. എന്നിട്ട് പലരും രസിക്കുന്നത് ബുദ്ധിയിലാണ്. അത് ആത്മാവിൻ്റെ പ്രവൃത്തി അവനിൽ ഇല്ല. ആത്മാവിൻ്റെ പ്രവൃത്തി നമ്മളിൽ ഉണ്ടോ എന്ന് നാം  അറിയുന്നത്, ദൈവത്തിൻ്റെ ആത്മാവ് വചനം ജീവൻ്റെ ആത്മാവിൻ്റെ  പ്രമാണമായിട്ട് നമുക്ക് നൽകുന്നോ അതോ ഇല്ലയോ എന്ന് നാം അറിയുന്നത് വചനം അനുസരിച്ച് ജീവികുന്ന ഒരു ജീവിതത്തിൽ ആണ്. അവർ വ്യക്തമായിട്ട്  പറയും 'എനിക്ക് അങ്ങനെ ചെയ്യാൻ പറ്റുകയില്ല'. നമ്മൾ വലിയ എല്ലാം ഒത്തുതീർപ്പ് ചെയ്ത (compromised world) ലോകത്തിൽ ആണ് ജീവിക്കുന്നത്. സഭയിൽ ഒത്തുതീർപ്പ് (compromise) ആകുമ്പോൾ എല്ലാവരും അതോടൊപ്പം തന്നെ അങ്ങ് പോകും. കാരണം അവർ ഈ പറയുന്ന അനുഭവത്തിൽ വന്നിട്ടില്ല. എന്നാൽ അവരുടെ ഇടയിൽ യഥാർത്ഥമായി (really) വചനം ഉള്ളിൽ എഴുതപ്പെട്ട ഒരാൾ പറയും 'ഇല്ല എനിക്ക് അത് സാധിക്കുകയില്ല അത് എൻ്റെ ഉള്ളിലുള്ള പ്രമാണത്തിന് വിരുദ്ധം ആണ് എനിക്ക് അത് അനുസരിച്ച് ജീവിക്കാൻ സാധ്യമല്ല'. നമുക്ക് അറിയാം സഭയിൽ എന്തെല്ലാം കോമാളിത്തരങ്ങൾ വന്നാലും നമ്മൾ എല്ലാം പൊതുവെ അതിൽ യോജിച്ച് (compromise) പോകും. ആരും അതിന് ഒന്നും പറയുകയില്ല. ചിലർ അതിൽ രസിക്കുന്നു. അതിൽ പാട്ട് ഉണ്ട് ഇപ്പോൾ ഡാൻസ് ഉണ്ട്. ചിലർ പറയും ഇവിടെ ഓക്കെ നല്ല പാട്ട് ഉണ്ട് ഇപ്പോൾ നല്ല ഡാൻസുകൾ  ഉണ്ട്. അമേരിക്കൻ നാടുകളിലൊക്കെ വർഷങ്ങൾക്ക്  മുൻപ് തുടങ്ങിയതാണ്. All kind of dance. എല്ലാ തരത്തിലുമുള്ള നൃത്തം ഉണ്ട്. അത് ജനങ്ങൾ രസിക്കുകയാണ്. അപ്പോൾ അവരിൽ ഏത് ആത്മാവാണ് പ്രവർത്തിക്കുന്നത്? ഇപ്പോഴുള്ള (Actually) സഭകളെ (church) നിലനിർത്താൻ ഇങ്ങനെയുള്ള പ്രവൃത്തികൾ (activities) ഉണ്ടെങ്കിൽ മാത്രമേ ഇന്ന് പറ്റുകയുള്ളൂ. നമ്മൾ ഇപ്പോൾ അപ്പോസ്തലിക സഭയുടെ പ്രമാണത്തിലേക്ക് വരികയാണ് എങ്കിൽ അവർ കൂടിവരുമ്പോൾ ഉള്ള ഉപദേശം, കൂട്ടായ്മ, അപ്പം നുറുക്ക്, പ്രാർത്ഥന ഇതാണ് അപ്പോസ്തലിക നിയമം (order). പിന്നെ അതിൻ്റെ മധ്യത്തിൽ സങ്കീർത്തനങ്ങൾ. എഫെസ്യർ അഞ്ചാമത്തെ അദ്ധ്യായം പതിനെട്ടാമത്തെയും പത്തൊൻപതാം  വാക്യങ്ങളിൽ പറയുന്നു  **ആത്മാവ് നിറഞ്ഞവരായി സങ്കീർത്തനങ്ങളാലും സ്തുതികളാലും,** ലോകം നിറഞ്ഞവരായിട്ട് അല്ല. ലോകം നിറഞ്ഞവരായിട്ട് സങ്കീർത്തനങ്ങളാലും സ്തുതികളാലും അല്ല ആത്മാവ് നിറഞ്ഞവരായിട്ട്. അതിൻ്റെ നേരെ വിപരീതമാണ്

(opposite) ആണ് നമ്മൾ ഇപ്പോൾ കാണുന്നത്. ലോകത്തിൽ നിന്ന് ഇങ്ങോട്ട് കയറി വരും അവിടെനിന്നും ഇവിടെനിന്നും എല്ലാം പഠിച്ച് നിറച്ച് ഇങ്ങ് കൊണ്ട് വന്നിട്ട് ഇതിൻ്റെ എല്ലാം പ്രദർശനം (show) കാണിക്കുന്നത് സഭ എന്ന - ദൈവസഭ എന്ന് പറയാൻ പറ്റുകയില്ല ഞാൻ പറയുന്നത് ശരിയല്ലേ? അത്ര മാത്രം ഇത് അധഃപതിച്ചു. പക്ഷെ എങ്കിൽ ഇരിക്കുന്ന ജനം രസിക്കുകയാണ്. അവർ രസിച്ച് പുളച്ച് ഇരിക്കുകയാണ്. അത് കാളകുട്ടി ഉണ്ടാക്കി അതിന് മുൻപിൽ ഉള്ള പാട്ടും നൃത്തവും ആണ് അല്ലാതെ അതിന് വ്യതാസം ഒന്നും ഇല്ല. ഇതിൻ്റെ മധ്യത്തിലാണ് വചനത്തിൽ വിറയ്ക്കുന്ന ചില കൂട്ടർ എഴുന്നേൽക്കേണ്ടത്. അവിടെ വിട്ടുവീഴ്ച്ച (compromisation) ഇല്ല. ഏതായാലും മത്തായി എഴുതിയ സുവിശേഷം പതിനെട്ടാമത്തെ അദ്ധ്യായം ഇരുപതാമത്തെ വാക്യത്തിൽ നമ്മുടെ കർത്താവ് പറഞ്ഞു **രണ്ടോ മൂന്നോ പേർ കൂടി എൻ്റെ നാമത്തിൽ കൂടിവരുന്നേടത്തൊക്കെയും ഞാൻ അവരുടെ നടുവിൽ ഉണ്ട്.** അപ്പോൾ രണ്ടോ മൂന്നോ പേർ മതി. വിട്ടുവീഴ്ച്ച (compromise) ചെയ്യാത്ത തികഞ്ഞ ആത്മീകന്മാർ ആയ, വചനം അതുപോലെ, ആ വചനത്തിൽ വിറയ്ക്കുന്നതായിട്ടുള്ള ചില ജീവിതങ്ങൾ യഥാർത്ഥമായിട്ടുള്ള ദൈവസഭയ്ക്ക് വേണം. അവർ കൈ ഉയർത്തി പറയുന്നത് എന്നിലുള്ള ആത്മസ്വഭാവം അത് ഞാൻ എന്തെങ്കിലും കാര്യങ്ങൾ പ്രവൃത്തിച്ച് ഉണ്ടായതല്ല പിന്നെയോ എന്നിൽ ആത്മാവ് വസിക്കുന്നു എന്നുള്ളത് കൊണ്ട് ആണ്. ഞാൻ പുറമേ കാണിക്കുന്ന ചില സ്വയം നീതിയോ സ്വന്തം നീതിയുടെ പ്രവൃത്തികൾ അല്ല എന്നിലൂടെ ആത്മിക സ്വഭാവം വരുന്നത് എന്നിൽ ആത്മാവ് വസിക്കുന്നത് കൊണ്ടാണ്. അങ്ങനെ ആത്മാവ് വസിക്കുക ആണ് എങ്കിൽ അവർ ജഡസ്വഭാവം ഉള്ളവർ അല്ല ആത്മ സ്വഭാവം ഉള്ളവർ അത്രേ. അപ്പോൾ ആത്മാവിൻ്റെ സ്വഭാവത്തിലേക്ക് നമുക്ക് വരണമെങ്കിൽ ദൈവത്തിൻ്റെ ആത്മാവ് നമ്മിൽ വസിക്കേണ്ടതായിട്ടുണ്ട്. ഇതെല്ലാം ദൈവസന്നിധിയിൽ താണ് ഇരുന്ന്, വചനം വായിച്ച്, ധ്യാനിച്ച്, ഉള്ളിൽ ആക്കി, ഒരു ദിവസം അല്ല രണ്ട് ദിവസം അല്ല ഇത് മുഴുവനും നമ്മുടെ ഉള്ളിൽ ആകുന്നത് വരെ നമ്മൾ ഇങ്ങനെ ആയിരിക്കണം. അതിന് ആഴമേറിയ ഒരു ദാഹം ഉണ്ടായിരിക്കണം. റോമർ എട്ടാമത്തെ അദ്ധ്യായത്തിൽ എഴുതിയിരിക്കുന്ന ജീവിക്കുന്ന ഒരു ജീവിതത്തിലേക്ക് വരുവാൻ ഉള്ള ഒരു ദാഹം ഉണ്ടാകണം. ഇനി നമുക്ക് അടുത്ത് രണ്ട് വർഷക്കാലം ഇത് വെച്ച് ധ്യാനിക്കാം. എന്തിനാണ്? ഈ ജീവിതം പ്രാപിക്കാനായിട്ടാണ്. നിങ്ങൾ വചനം കേട്ട് കൊണ്ടിരിക്കുമ്പോൾ നിങ്ങൾ എല്ലാവരും തീരുമാനം എടുത്താട്ടെ എനിക്ക് റോമർ എട്ടാമത്തെ അദ്ധ്യായത്തിൽ പറയുന്ന ജീവിതത്തിലേക്ക് വരണം. എന്ന് പറഞ്ഞാൽ ഇവിടത്തെ ജഡസ്വഭാവത്തിൻ്റെ കാര്യമല്ല എഴുതിരിക്കുന്നത് ആത്മസ്വഭാവം. എനിക്ക് ആത്മാവിനെ അനുസരിച്ച് നടക്കണം, ന്യായപ്രമാണത്തിൽ ഉള്ള നീതി സകലതും എന്നിൽ നിവർത്തിയാകണം. എപ്രകാരം? യേശുകർത്താവ് നിവർത്തിച്ചതുപോലെ. അടുത്ത വാക്യങ്ങൾ നിങ്ങൾ വായിച്ചാട്ടെ. എന്നിട്ട് പന്ത്രണ്ടാമത്തെ വാക്യം വായിക്കാം **ആകയാൽ സഹോദരന്മാരെ, നാം ജഡത്തെ അനുസരിച്ച് ജീവിക്കേണ്ടതിന് ജഡത്തിന് അല്ല കടക്കാർ ആകുന്നത്.** നമ്മൾ ഓർത്തുക്കൊള്ളണം നമ്മൾ കടക്കാർ ആണ്, നമ്മൾ ദൈവത്തിന് കടക്കാരാണ്. നമ്മുടെ യേശുകർത്താവിനാണ് കടക്കാരൻ. കാരണം വലിയ ഒരു വില കൊടുത്ത് ആണ് നമ്മളെ വീണ്ടെടുത്തത്. അപ്പോൾ ജഡത്തിന് അല്ല നമ്മൾ കടക്കാർ ജഡത്തെ അനുസരിച്ച് ജീവിക്കേണ്ടതിന് ജഡത്തിന് അല്ല നമ്മൾ കടക്കാരൻ. താഴോട്ട് വായിക്കുമ്പോൾ **ജഡത്തെ അനുസരിച്ച് ജീവിക്കുകയാണ് എങ്കിൽ മരിക്കും നിശ്ചയം.** ഭയങ്കര അബദ്ധമാണ്, വലിയ ഭോഷത്വം ആണ്. നമ്മുടെ നിത്യ ജീവനെ ബാധിക്കുന്ന വിഷയമാണ്. ഇത് അത്ര ഗൗരവമാണ്. ഇതിനെ കുറച്ച് ചിന്തിക്കരുത്. എന്നിട്ട് **നിങ്ങൾ ജഡത്തെ അനുസരിച്ച് ജീവിക്കുന്നു എങ്കിൽ**

**മരിക്കും നിശ്ചയം ആത്മാവിനാൽ ശരീരത്തിൻ്റെ പ്രവർത്തികളെ മരിപ്പിക്കുന്നു എങ്കിലോ നിങ്ങൾ ജീവിക്കും.** അപ്പോൾ ദൈവാത്മാവിൻ്റെ അനുസരണയിൽ ജീവിക്കുന്ന ഒരു ജീവിതത്തിൽ ശരീരത്തിൻ്റെ പ്രവർത്തികളെ മരിപ്പിക്ക എന്ന് ദൈവത്തിൻ്റെ വചനം നമ്മെ അറിയിക്കുന്നു. അപ്പോൾ ഈ നിലവാരത്തിലേക്ക് നമ്മൾ വരുമ്പോൾ ചില  വാക്യങ്ങൾ വായിക്കുമ്പോൾ നമുക്ക് ഭയപ്പെടേണ്ട ആവശ്യം ഇല്ല, അല്ലെങ്കിൽ ചോദ്യം ചെയ്യേണ്ട ആവശ്യം ഇല്ല. പലരും ചോദ്യം ചെയ്യുന്നു. ഓ അത് അങ്ങനെ ഒക്കെ മരിപ്പിച്ചാൽ അത് എന്താണ്? അത് നിയമ സിദ്ധാന്തം (legalism) അല്ലെ? അങ്ങനെ ഒക്കെ ഒരുപാട് വാദങ്ങൾ (arguments) ഉണ്ട്. ഒന്ന് കൊരിന്ത്യർ ഒൻപതാമത്തെ അദ്ധ്യായം ഇരുപത്തി ഏഴാമത്തെ വാക്യം വായിക്കുക. **മറ്റുള്ളവരോട് പ്രസംഗിച്ച ശേഷം ഞാൻ തന്നെ കൊള്ളരുതാത്തവൻ ആയി പോകാതെ ഇരിക്കേണ്ടതിന് എൻ്റെ ശരീരത്തെ ദണ്ഡിപ്പിച്ച് അടിമ ആക്കുക അത്രേ ചെയ്യുന്നത്.** അത് നമുക്ക് വളരെ പ്രയാസം ഉള്ള ഒരു വാക്യം ആണ്. "എൻ്റെ ശരീരത്തെ ദണ്ഡിപ്പിച്ച് അടിമ ആക്കുക"**.** അത് യുദ്ധവിരുദ്ധസിദ്ധാന്തം (pacifism) ആണോ? ചിലർ അവരുടെ ദേഹത്തെ മുറിവേൽപ്പിക്കുന്നത് ആണോ? അതല്ല ഉദ്ദേശിക്കുന്നത് ഞാൻ കൊള്ളരുതാത്തവനായി പോകാതെ ഇരിക്കേണ്ടതിന് എൻ്റെ ശരീരത്തെ ദണ്ഡിപ്പിക്ക എന്ന് പറയുമ്പോൾ ആ അളവിൽ ഉള്ളത് അല്ല, നമ്മൾ ഈ ഉദ്ദേശിക്കുന്നത് പോലെ ഉള്ള ഒരു സംഭവം അല്ല നമ്മൾ ആത്മാവിൻ്റെ അനുസരണയിൽ വരുമ്പോൾ ആത്മാവ് നമ്മളെ  ഒരുപാട് കാര്യങ്ങളിൽ നിന്ന്  നിയന്ത്രിക്കും (restrict). അത് ആത്മാവ് നമ്മളിൽ ചെയ്യുന്നത് ആണ്. ഓർത്തുക്കൊള്ളണം നമ്മൾ അല്ല പ്രവൃത്തിക്കുന്നത് ആത്മാവാണ്. നമ്മിൽ വസിക്കുന്ന ആത്മാവ്. ആത്മാവ് നമ്മെ അറിയിക്കും (instruct), ആത്മാവ് നമുക്ക് പ്രേരണ തരും, ആത്മാവ് നമുക്ക് പ്രചോദനം നൽകും, ആത്മാവ് നമുക്ക് ശക്തി നൽകും, ആത്മാവിന് ശരീരത്തിൻ്റെ പ്രവൃത്തികളെ മരിപ്പിക്കാൻ ശക്തി ഉണ്ട്. അപ്പോൾ ആത്മാവിൻ്റെ ആ പ്രവൃത്തിയിലൂടെ നാം നീതിക്ക് അടിമയാകുക. ഇവിടെ നീതിക്ക് അടിമ എന്നാണ് എഴുതിയിരിക്കുന്നത്. നീതിക്ക് നമ്മൾ അടിമയാണ്. ആയതുപോലെ കൊലോസ്യർ ലേഖനം മൂന്നാമത്തെ അദ്ധ്യായം അഞ്ചാമത്തെ വാക്യം **ആകയാൽ ദുർന്നടപ്പ്, അശുദ്ധി, അതിരാഗം, ദുർമോഹം,വിഗ്രഹാരാധനയായ അത്യാഗ്രഹം ഇങ്ങനെ ഭൂമിയിലുള്ള നിങ്ങളുടെ അവയവങ്ങളെ മരിപ്പിപ്പിൻ.** അപ്പോൾ ജഡത്തിൽ ജീവിക്കുന്ന ഒരുവൻ ഇത് അസാധ്യം ആണ്. അവൻ ചോദിക്കും ഇത് എന്തോന്നാണ്? ഭൂമിയിൽ ഉള്ള നിങ്ങളുടെ അവയവങ്ങളെ മരിപ്പിപ്പിൻ. പക്ഷെ എങ്കിൽ ഇത് ഏത് സന്ദർഭത്തിൽ വരുമ്പോൾ ആണ് പരിശുദ്ധാത്മാവ് നമുക്ക് നിർദ്ദേശം (instruction) തരുന്നത്? കൊലൊസ്സ്യർ രണ്ടാമത്തെ അദ്ധ്യായത്തിൽ സ്നാനത്തെ പറ്റി പറയുന്നുണ്ട്. എന്നിട്ട് ഇരുപതാമത്തെ വാക്യത്തിൽ **നിങ്ങൾ ക്രിസ്തുവിനോട് കൂടെ ലോകത്തിൻ്റെ ആദ്യപാഠങ്ങൾ സംബന്ധിച്ച് മരിച്ചു എങ്കിൽ** കൊലൊസ്സ്യർ മൂന്നാമത്തെ അദ്ധ്യായത്തിൻറെ ഒന്നാം വാക്യത്തിൽ **ആകയാൽ നിങ്ങൾ ക്രിസ്തുയേശുവിനോട് കൂടെ ഉയർത്ത്  എഴുന്നേറ്റ് ഇരിക്കുന്നുവെങ്കിൽ.** അപ്പോൾ നമ്മൾ വലിയ ഒരു ആത്മിക നിലവാരത്തിൽ വരുമ്പോൾ കിട്ടുന്നതായിട്ടുള്ള നിർദ്ദേശങ്ങൾ ( instruction) ആണ് കൊലൊസ്യർ മൂന്നാമത്തെ അദ്ധ്യായം മൂന്നാമത്തെ വാക്യം ഇവിടെ വായിക്കുമ്പോൾ **ആകയാൽ നിങ്ങൾ മരിച്ചു നിങ്ങളുടെ ജീവൻ ക്രിസ്തുവിനോട് കൂടെ ദൈവത്തിൽ മറഞ്ഞിരിക്കുന്നു**, അത്ര ഉന്നതമായിട്ടുള്ള ഒരു ആത്മിക നിലവാരം ആണ്. എന്നിട്ടാണ് കൊലൊസ്യർ മൂന്നാമത്തെ അദ്ധ്യായം അഞ്ചാമത്തെ വാക്യത്തിൽ പറയുന്നത് **ആകയാൽ ദുർന്നടപ്പ്, അശുദ്ധി, അതിരാഗം,**

**ദുർമോഹം, വിഗ്രഹാരാധനയായ അത്യാഗ്രഹം ഇങ്ങനെ ഭൂമിയിലുള്ള നിങ്ങളുടെ അവയവങ്ങളെ മരിപ്പിപ്പിൻ.** അത് ഒരു അർത്ഥത്തിൽ ചിന്തക്കാം എങ്കിലും ഇങ്ങനെയുള്ള അവകാശങ്ങൾ നമ്മുടെ മുൻപിൽ നമ്മൾ കാണുവാൻ തുടങ്ങുമ്പോൾ നമ്മളിൽ ആത്മാവിന് വിധേയപ്പെടുന്ന ഒരുവനിൽ നിന്ന്  ആത്മാവിനാൽ ഈ മുൻപിലുള്ള പ്രത്യാശ കണ്ടുകൊണ്ട് **ദുർന്നടപ്പ്, അശുദ്ധി, അതിരാഗം, ദുർമോഹം, വിഗ്രഹാരാധനയായ അത്യാഗ്രഹം ഇങ്ങനെ ഭൂമിയിലുള്ള** നമ്മുടെ **അവയവങ്ങളെ മരിപ്പിപ്പാൻ** ആയിട്ടുള്ള ആത്മപ്രേരണ കിട്ടും. ഉള്ളിൻ്റെ ഉള്ളിൽ ഒരു പ്രത്യേക ശക്തിയാണ് (force). നമുക്ക് അറിയാം നമ്മൾ ഈ ലോകത്തിൽ ചിലത് ഒക്കെ പ്രാപിക്കാനായിട്ട് എന്തെല്ലാം വില കൊടുക്കുന്നുണ്ട്. വില കൊടുക്കുന്നുണ്ടോ? വിലകൊടുക്കുന്നുണ്ട്. പതിനാല് മണിക്കൂർ ജോലി ചെയ്യണം  എങ്കിൽ പതിനാല് മണിക്കൂറും ജോലി ചെയ്യുന്നു, അത് ആഴ്ച്ചയിൽ ഏഴു ദിവസമാണ് എങ്കിൽ അതും ചെയ്യും. ലോകത്തിൽ ഉള്ളത് പ്രാപിക്കാനായിട്ട് നമ്മൾ വലിയ വിലയാണ് കൊടുക്കുന്നത്. നമ്മൾ ശരീരത്തെ ദണ്ഡിപ്പിച്ച് അടിമയാകുകയാണ്. നമുക്ക് ലോകത്തിൽ അതൊക്കെ കാണാം. ലോകത്തിൻ്റെ ഡോളറിൻ്റെ ശക്തി (power), രൂപയുടെ ശക്തി (power), വീടിൻ്റെ ശക്തി (power) കാറിൻ്റെ ശക്തി (power) നമുക്ക് കാണാം. നമുക്ക് അതിനകത്ത് ഒരു രുചിയുണ്ട് അതുകൊണ്ടാണ് നമ്മളെ തന്നെ അതിനുവേണ്ടി സമർപ്പിക്കുന്നത്, അർപ്പിക്കുന്നത്, ഒരു യാഗമായിട്ട് തീരുന്നത്. അപ്പോൾ സ്വർഗീയമായത് നമ്മൾ കാണുവാൻ തുടങ്ങുമ്പോൾ ആണ്, നമ്മുടെ സ്വർഗ്ഗ സ്ഥലങ്ങളിൽ ഉള്ള ക്രിസ്തുവിനോട് കൂടെ ഉള്ള ആ വാസം നമ്മൾ കാണുവാൻ തുടങ്ങുമ്പോൾ അവിടെയാണ് ആത്മാവിൽ നമുക്ക് പ്രത്യേക ഒരു ബലം, നമ്മളിൽ വ്യാപരിക്കുന്ന ആ പരിശുദ്ധാത്മാവിൻ്റെ വ്യാപാരശക്തി നമ്മൾ ഒന്ന് അനുഭവിക്കാനായിട്ട് തുടങ്ങുന്നത്.എഫെസ്യർ ഒന്നാമത്തെ അദ്ധ്യായം പത്തൊമ്പതാമത്തെ വാക്യത്തിൽ പറയുന്നു  **അവൻ്റെ ബലത്തിൻ വല്ലഭത്വത്തിൻ്റെ  വ്യാപാര ശക്തിയാൽ വിശ്വസിക്കുന്നവരുടെ ഉള്ളിൽ വ്യാപരിക്കുന്ന അവൻ്റെ ശക്തിയുടെ അളവറ്റ വലിപ്പം**. നിങ്ങൾ സ്വർഗീയമായത് കാണുവാൻ തുടങ്ങുമ്പോൾ, ആത്മികമായിട്ട് നമ്മൾ വളരുമ്പോൾ - അത് പറയുമ്പോൾ ആത്മാവ് നമ്മിൽ വസിക്കുന്ന ഒരു ജീവിതം - ആ ജീവിതത്തിൽ നമുക്ക് അസാധ്യം എന്ന് തോന്നുന്നത് എല്ലാം സാധ്യം ആകും. നമ്മൾ ഈ തറ നിലവാരത്തിൽ (level) നിന്ന് കൊണ്ട്, ഭൗമിക (earthly) മേഖലയിൽ നിന്ന് കൊണ്ട് വായിക്കുമ്പോൾ അങ്ങനെ ഒന്നും പറ്റുകയില്ല. പൂർണ്ണ ജഡമായിരിക്കും. ആ ജഡം നിന്ന് കൊണ്ടാണ് ബൈബിളിനെ ഖണ്ഡിക്കുന്നത്. അങ്ങനെ ഒന്നും ജീവിക്കേണ്ട ആവശ്യം ഇല്ല, ഇതെല്ലാം പോയി. അവൻ്റെ അകത്ത് ജഡമനുഷ്യനാണ്. പിശാചാണ് അങ്ങനെയൊക്കെ പറയുന്നത്. ഈ ദൈവവചനം ചോദ്യം ചെയ്യുന്നവൻ്റെ ഉള്ളിൽ പിശാച് ആണ്  ഇരിക്കുന്നത്. പിശാച് എന്ന് പറഞ്ഞാൽ ജഡം. പൂർണ്ണ ജഡം പിശാച് ആണ്. അത് വേറെ ഒരു ആൾ രൂപത്തിൽ ഇങ്ങനെ ഇരിക്കുന്നു എന്നേ ഉള്ളൂ. കാഴ്ചയിൽ ഒക്കെ നല്ല ഗംഭീരമായിരിക്കും. നല്ല വെളുത്ത്, ടൈ ഒക്കെ കെട്ടിയായിരിക്കും ഇരിക്കുന്നത്. പക്ഷേ അതിൽ പിശാചായിരിക്കും ഇരിക്കുന്നത്. നിങ്ങൾ ഇനി ഓർത്തുകൊള്ളണം വചനത്തെ ആര് ചോദ്യം ചെയ്യുന്നുവോ അവൻ്റെ ഉള്ളിൽ ഒരു നല്ല പിശാച് ഇരുപ്പുണ്ട്. ഒരു കൊച്ച് പയ്യൻ പറഞ്ഞതുപോലെ:' എൻ്റെ അപ്പച്ചൻ്റെ ഉള്ളിൽ മുഴുവൻ പിശാചാണ് ഇരിക്കുന്നത്'. കാരണം ഒരു ആത്മീക മേഖല  കാണുമ്പോൾ അപ്പച്ചന് കലി തുള്ളും. പുള്ളി കാണുകയോന്നും വേണ്ട പിശാച് പറയും. അപ്പോൾ ദൈവത്തിൻ്റെ ആത്മാവ് വസിച്ചുകൊണ്ട് ജീവിക്കുന്ന ജീവിതം എന്ത് അനുഗ്രഹിക്കപ്പെട്ട ജീവിതമാണ് ദൈവമക്കളെ! സ്വർഗീയമായത് അല്ലെ?  ദൈവത്തിൻ്റെ ആത്മാവ്, ക്രിസ്തുവിൻ്റെ ആത്മാവ് നമ്മിൽ

വസിച്ചുകൊണ്ട് ആത്മാവിൻ്റെ അനുസരണയിൽ ഒരു ജീവിതത്തിന് വേണ്ടി നമ്മൾ എത്രത്തോളം കൊതിക്കണം, എത്രത്തോളം കാംക്ഷിക്കണം. നമ്മുടെ ജീവിതം മുഴവനും അടിയറവ് വെയ്ക്കുവാൻ തന്നെയുള്ള ഒരു തീവ്രമായിട്ടുള്ള ആഗ്രഹം നമ്മളിൽ ഉണ്ടാകണം. എനിക്ക് ഈ ജീവിതം നയിക്കണം. ഇത് സ്വർഗീയ ജീവിതമാണ്. ഈ ആഗ്രഹം ഇല്ലാ എങ്കിൽ പിന്നെ നമ്മൾ എന്തിനാണ് സ്വർഗത്തിൽ പോകാൻ ഇരിക്കുന്നത്? അവിടെ ചെന്നിട്ട് എന്ത് ചെയ്യുവാനാണ്? അത് മുഴുവനും സ്വർഗീയമാണ്. അപ്പോൾ ആത്മാവ് ഉള്ളിൽ വസിക്കുമ്പോൾ മാത്രമേ നമുക്ക് ഇത് തെളിഞ്ഞ് കിട്ടുകയുള്ളൂ. എന്നാൽ ഒരു കാര്യം റോമർ എട്ടാമത്തെ അദ്ധ്യായം പതിമൂന്നാമത്തെ വാക്യത്തിൽ **ജഡത്തെ അനുസരിച്ച് നടക്കുന്നവൻ മരിക്കും നിശ്ചയം ആത്മാവിനാൽ ശരീരത്തിൻ്റെ പ്രവൃത്തികളെ മരിപ്പിക്കുന്നു എങ്കിലോ, നിങ്ങൾ ജീവിക്കും.** അടുത്ത് പതിനാലാം വാക്യം വളരെ പ്രധാനം (important) ആയിട്ടുള്ള വാക്യം ആണ്. **ദൈവാത്മാവ് നടത്തുന്നവർ ഏവരും ദൈവത്തിൻ്റെ മക്കൾ ആകുന്നു.** യോഹന്നാൻ്റെ സുവിശേഷം ഒന്നാമത്തെ അദ്ധ്യായം പന്ത്രണ്ടാമത്തെ വാക്യത്തിൽ **അവനെ കൈക്കൊണ്ട് അവൻ്റെ നാമത്തിൽ വിശ്വസിക്കുന്ന ഏവർക്കും ദൈവമക്കൾ ആകുവാൻ അവൻ അധികാരം കൊടുത്തു.** ദൈവമക്കൾ ആയി എന്ന് അവിടെ എഴുതിയിട്ടില്ല, **ദൈവമക്കൾ ആകുവാൻ അവൻ അധികാരം കൊടുത്തു** എന്നാണ്. ആ അധികാരം എന്ന് പറയുന്നത് ദൈവാത്മാവിനാൽ നടത്തപ്പെടുന്ന ഒരു ജീവിതം ആണ്. **അവനെ കൈക്കൊണ്ട് അവൻ്റെ നാമത്തിൽ വിശ്വസിക്കുന്ന ഏവർക്കും ദൈവമക്കൾ ആകുവാൻ അവൻ അധികാരം കൊടുത്തു.** എന്താണ് അധികാരം? ദൈവത്തിൻ്റെ ആത്മാവ് നമ്മുടെ ഉള്ളിൽ വസിക്കുന്നതിനെക്കാളും വലിയ അധികാരം എവിടെയാണ്? നമ്മൾ ഓർക്കും അമേരിക്കൻ പ്രസിഡൻറ് അല്ലെങ്കിൽ ഇന്ത്യയിലെ പ്രധാനമന്ത്രിക്ക് ആയിരിക്കും ഏറ്റവും കൂടുതൽ അധികാരം ഉള്ളത് എന്ന്. അവർക്ക് അവരുടേതായിട്ടുള്ള നിലവാരത്തിൽ ഉള്ള അധികാരം ഉണ്ട്. എന്നാൽ അതിനെക്കാളും ഒക്കെ വലിയ അധികാരമാണ് ഇപ്പോൾ ദൈവം നമ്മുടെ ഉള്ളിൽ നൽകിയിരിക്കുന്നത്. പാപത്തെയും ലോകത്തെയും പിശാചിനെയും ജഡത്തെയും ഒക്കെ ജയിക്കുവാനായിട്ടുള്ള അധികാരം. ലോകത്തിൽ ഉള്ള അധികാരത്തിന് ഒന്നും അതിനെ ജയിക്കാൻ പറ്റില്ല. പാപത്തെ ജയിക്കാൻ പറ്റില്ല, ലോകത്തെ ജയിക്കാൻ പറ്റില്ല, ജഡത്തെ ജയിക്കാൻ പറ്റില്ല, പിശാചിനെ ജയിക്കാൻ പറ്റില്ല എന്നാൽ ദൈവാത്മാവ് വസിച്ചുകൊണ്ട് ദൈവാത്മാവിനാൽ നടത്തപ്പെടുന്ന ഒരു ദൈവപൈതലിന് ഈ മേഖലകളെ എല്ലാം ജയിക്കാൻ കഴിയും. അപ്പോൾ ദൈവാത്മാവിനാൽ നടത്തപ്പെടുന്ന ഒരു ജീവിതത്തിന് വേണ്ടി കൊതിക്കണം. കർത്താവേ അത് എന്നെ കാണിച്ച് തരണം. അത് എന്താണ്? അത് മാനുഷികമായിട്ട് ഒന്നും പഠിപ്പിക്കാൻ കഴിയുകയില്ല. അവരവർ തന്നെ ആ മേഖലയിലേക്ക് പ്രവേശിക്കണം. അത് ദൈവവുമായിട്ടുള്ള നിങ്ങളുടെ കൂട്ടായ്മയാണ്. അത് പ്രാർഥന ജീവിതമാണ്, ദൈവവചനത്തിന് വേണ്ടിയുള്ള ദാഹമാണ്, ആത്മാവിന് വിധേയപ്പെടുവാനായിട്ടുള്ള സമർപ്പണം ആണ്. അതുകൊണ്ടാണ് ഇത് കൂടെ കൂടെ വായിക്കണം, ധ്യാനിക്കണം, ഇതിനകത്തുള്ള ആത്മിക ആശയം എല്ലാം നിങ്ങളുടെ ഉള്ളിൽ ആകണം, ഉള്ളിൽ വരണം. അങ്ങനെയാണ് വചനം കൊണ്ട് നമ്മുടെ ഉള്ള് നിറയുന്നത്. വചനത്തിൽ ഉള്ള എല്ലാ ആത്മികമായിട്ടുള്ള സത്യങ്ങൾ അതെല്ലാം കൊണ്ട് നമ്മുടെ ഉള്ള് അങ്ങ് നിറയണം. നമ്മുടെ വിളി, തെരഞ്ഞെടുപ്പ്, നമ്മുടെ സൃഷ്ടിയെ, ഞാൻ ഇപ്പോൾ പഠിപ്പിക്കുന്ന എല്ലാം മേഖലകളും, പാപത്തിൽ വീണപ്പോൾ വന്ന വിനകൾ എന്താണ് ഇത് എല്ലാം നമ്മുടെ ഉള്ളിൽ ആകണം. മനസ്സിൽ ആക്കണം, വിവേചിച്ച് അറിയണം, എന്നിട്ട്

നമ്മുടെ ജീവിതവുമായിട്ട് ഇത് യോജിക്കണം (applicable). അതിൽ നിന്ന്, നമ്മുടെ ഉള്ളിൽ ഉള്ള വചനത്താൽ നിറഞ്ഞ് ആ വചനത്താലാണ് നാം ജീവിക്കേണ്ടത്. അല്ലാതെ ബൈബിൾ കൈയ്യിൽ ഉള്ളത് കൊണ്ട് ജീവിക്കാൻ പറ്റില്ല. ജീവിക്കേണ്ടത് എല്ലാം അകത്ത് പ്രവേശിക്കണം. അത് ജീവനായിട്ട് ഉള്ളിൽ കയറണം. എന്നിട്ട് ആത്മാവിന് വിധേയപ്പെടണം. വചനം എത്രത്തോളം ജീവൻ ആകുന്നുവോ അത്രത്തോളം ആത്മാവിന് വിധേയപ്പെടുകയാണ്. അപ്പോൾ അത് ജീവൻ്റെ സമൃദ്ധി എന്ന് ഒക്കെ പറയാം. അങ്ങനെയുള്ളവരാണ് ദൈവാത്മാവിനാൽ നടത്തപ്പെടുന്നത്. അവർക്ക് നിശ്ചയമായിട്ടും പറയുവാൻ കഴിയും ഞാൻ ദൈവത്തിൻ്റെ പൈതലാണ്. ഒരു സംശയവുമില്ല. മറ്റ് ആർക്ക് വേണമെങ്കിലും പറയാം. ആർക്കുവേണമെങ്കിലും ദൈവത്തെ അപ്പച്ചാ എന്ന് ഒക്കെ വിളിക്കാം. ഞാൻ ഓർപ്പിച്ചത് പോലെ വഴിയിൽ കാണുന്ന പ്രായമുള്ളവരെ അപ്പച്ചാ എന്നൊക്കെ വിളിക്കാം പക്ഷെ എങ്കിൽ വീതം വെയ്ക്കുമ്പോൾ അറിയാം ആരാണ് മക്കൾ എന്ന്. റോമർ എട്ടാമത്തെ അദ്ധ്യായം പതിനഞ്ചാമത്തെ വാക്യം വായിക്കാം. **നിങ്ങൾ പിന്നെയും ഭയപ്പെടേണ്ടതിന് ദാസ്യത്തിൻ്റെ ആത്മാവിനെയല്ല നാം അബ്ബാ പിതാവേ എന്ന് വിളിക്കുന്ന പുത്രത്വത്തിൻ ആത്മാവിനെയത്രേ പ്രാപിച്ചത്. നാം ദൈവത്തിൻ്റെ മക്കൾ എന്ന് ആത്മാവ് താനും നമ്മുടെ ആത്മാവോട് കൂടെ സാക്ഷ്യം പറയുന്നു.** അപ്പോൾ പുത്രത്വത്തിൻ്റെ ആത്മാവ്, ലോകത്തിൻ്റെ ആത്മാവ്, ദാസ്യത്വത്തിൻ്റെ ആത്മാവ്. **നാമോ ലോകത്തിൻ്റെ ആത്മാവിനെ അല്ല, ദൈവം നമുക്ക് നൽകിയത് അറിവാനായി ദൈവത്തിൽ നിന്നുള്ള ആത്മാവിനെ അത്രേ പ്രാപിച്ചത്** ഒന്ന് കൊരിന്ത്യർ രണ്ടാമത്തെ അദ്ധ്യായത്തിൽ പന്ത്രണ്ടാം വാക്യത്തിൽ നാം അത് വായിക്കുന്നു**.** അപ്പോൾ ലോകത്തിൻ്റെ ആത്മാവിനെ അല്ല, മറ്റൊരു ആത്മാവും അല്ല ദൈവത്തിൻ്റെ ആത്മാവിനെയാണ് പ്രാപിച്ചത്. ആ ആത്മാവ് നമ്മളെ പുത്രത്വത്തിലേക്ക് നമ്മെ നടത്തുന്ന ആത്മാവ് ആണ്. (Sonship). നമ്മൾ ശിശുക്കളായിട്ടാണ് ജനിക്കുന്നത്. എന്നിട്ട് ആത്മീക വളർച്ചയിലൂടെയാണ് ഈ പുത്രത്വത്തിലേക്ക് (Sonship) നാം എത്തിച്ചേരുന്നത്. കഴിഞ്ഞ ദിവസം നമ്മൾ വായിച്ചതാണ് ഗലാത്യ ലേഖനം നാലാമത്തെ അദ്ധ്യായം ഒന്നാമത്തെ വാക്യം **അവകാശി സർവ്വത്തിനും യജമാനൻ എങ്കിലും ശിശു ആയിരിക്കുന്നേടത്തോളം കാലം ദാസനേക്കാളും ഒട്ടും വിശേഷതയുള്ളവൻ അല്ല**. അപ്പോൾ പേരിന് അവകാശിയാണ്. **അവകാശി സർവ്വത്തിനും യജമാനൻ എങ്കിലും ശിശു ആയിരിക്കുന്നേടത്തോളം കാലം ദാസനേക്കാളും ഒട്ടും വിശേഷതയുള്ളവൻ അല്ല**. അപ്പോൾ വളർച്ച അത്യാവശ്യം ആണ്. പുത്രത്വവും (Sonship) അത്യാവശ്യം ആണ്. അതുപോലെ നമ്മുടെ അവകാശങ്ങൾക്ക് വളർച്ച ആവശ്യം ആണ്. അല്ലെങ്കിൽ പേപ്പറിൽ കിടക്കുകയേയുള്ളൂ. അനുഭവിക്കാൻ പറ്റുകയില്ല. പലരുടെയും നിയമപരമായ നില (legal status) എന്ന് പറഞ്ഞാൽ പേപ്പറിൽ ആണ്. അവകാശം ആയിട്ടില്ല. റോമർ എട്ടാമത്തെ അദ്ധ്യായം പതിനേഴാമത്തെ വാക്യം **നാം മക്കൾ എങ്കിലോ അവകാശികളും ആകുന്നു.** പതിനഞ്ചാമത്തെ വാക്യത്തിൽ പറയുന്നു **നാം അബ്ബാ പിതാവേ എന്ന് വിളിക്കുന്ന പുത്രത്വത്തിൻ ആത്മാവിനെ അത്രേ പ്രാപിച്ചത്.** എന്നിട്ട് പതിനാറാമത്തെ വാക്യത്തിൽ പറയുന്നു **നാം ദൈവത്തിൻ്റെ മക്കൾ എന്ന് ആത്മാവ് താനും നമ്മുടെ ആത്മാവോട് സാക്ഷ്യം പറയുന്നു.** ഇതാണ് ഉള്ളിൽ സംസാരിക്കുന്ന ആത്മാവ് നമ്മുടെ അകത്തെ ഒരു ആത്മീക ലോകം, ആത്മീക ലോകത്തിൽ ദൈവത്തിൻ്റെ പരിശുദ്ധാത്മാവ്, നമ്മുടെ ആത്മാവ് മനുഷ്യത്മാവ്, അപ്പോൾ നമുക്ക് ജീവിക്കാനുള്ളത് എല്ലാം അവിടെയാണ് ഉള്ളത്. അപ്പോൾ എഫെസ്യർ ഒന്നാമത്തെ അദ്ധ്യായം മൂന്നാമത്തെ

വാക്യത്തിൽ **സ്വർഗത്തിലെ സകല ആത്മിക അനുഗ്രഹത്താലും ക്രിസ്തുയേശുവിൽ** നൽകിയിരിക്കുമ്പോൾ ഇത് ദാഹിച്ച് ജീവിക്കുന്നവർക്ക് ഇത് എല്ലാം ഓരോന്നോരോന്ന് ആയി ദിവസവും കിട്ടും. നമ്മുടെ ഉള്ളിൽ ദൈവാത്മാവും ദൈവവചനവും കൊണ്ട് അങ്ങ് നിറയും. സ്വർഗത്തിലെ സകല ആത്മിക അനുഗ്രഹങ്ങളാൽ നമ്മുടെ ഉള്ള് നിറയും. അങ്ങ് പോകണ്ട കാര്യമില്ല. ചിലരൊക്കെ ജുപീറ്റർ ഒക്കെ താണ്ടി അവിടെ ചെല്ലും. അവിടെ ഒന്നും അല്ല. ഇവിടെ തന്നെ ഉണ്ടായിരിക്കണം, നമ്മിൽ തന്നെ ഉണ്ടായിരിക്കണം. അപ്പോൾ അതാണ് നമുക്ക് ജീവിക്കാനുള്ളത് എല്ലാം എടുത്ത് പകർന്ന് തരുന്നത്. നമ്മുടെ വീട്ടിൽ നമുക്ക് വല്ലതും പാചകം (cook) ചെയ്യണമെങ്കിൽ വീട്ടിൽ എന്തെങ്കിലും വേണം കടയിൽ ഇരുന്നാൽ പറ്റുകയില്ല. കടയിൽ ഉണ്ട് എന്ന് പറഞ്ഞ് വീട്ടിൽ ഇരുന്നാലും ഇവിടെ പാചകം (cook) നടക്കുകയില്ല. എന്ന് പറഞ്ഞതുപോലെ അത് അവിടെ ഉണ്ട് ഞാൻ ഇവിടത്തെ ജീവിതമെല്ലാം ആസ്വദിച്ചതിന് ശേഷം ഞാൻ അവിടെ ചെല്ലുമ്പോൾ എനിക്ക് എല്ലാം സ്വർഗത്തിൽ ഉണ്ട്, സ്വർണ്ണം ഇട്ട തെരുവീഥിയാണ്. സ്വർഗത്തെ പറ്റി ഒരുപാട് മിഥ്യകൾ ഉണ്ട്. എല്ലാം മിഥ്യയാണ് ഒന്നും യഥാർത്ഥം അല്ല. ഇവിടെ ആത്മീക ജീവൻ നടക്കുകയില്ല. ഇവിടെ ജീവിക്കണമോ പ്രപിച്ചുകൊള്ളണം, ഉള്ള് നിറയണം, ആത്മാവ് വസിച്ചുകൊണ്ട് ആത്മാവിൻ്റെ അനുസരണയിൽ ജീവിക്കണം, ആത്മാവ് നമുക്ക് പകർന്ന് തരുന്നത് ശേഖരിച്ച് (store) കൊള്ളണം. അപ്പോൾ ആ ആശയവിനിമയം (communication) വളരെ വ്യക്തം (clear) ആയിരിക്കണം. അത് ഒരു പ്രധാന ആശയവിനിമയം (communication) ആണ്. കുഞ്ഞുങ്ങളെ നിങ്ങൾ ദൈവത്തിൻ്റെ മക്കൾ ആണ്. നമ്മളെ ബോധവാന്മാർ ആക്കുകയാണ്. ലോകർ ജീവിക്കുന്നത് പോലെയല്ല നമ്മൾ ജീവിക്കേണ്ടത്. റോമർ എട്ടാമത്തെ അദ്ധ്യായം പതിനേഴാം വാക്യം വായിക്കാം **നാം മക്കൾ എങ്കിലോ അവകാശികളും ആകുന്നു. ദൈവത്തിൻ്റെ അവകാശികളും ക്രിസ്തുവിന് കൂട്ടവകാശികളും തന്നെ.** അപ്പോൾ **നാം മക്കൾ എങ്കിലോ അവകാശികളും ആകുന്നു. ദൈവത്തിൻ്റെ അവകാശികളും ക്രിസ്തുവിന് കൂട്ടവകാശികളും തന്നെ.** അപ്പോൾ ക്രിസ്തുവിന് കൂട്ടവകാശികൾ ആകുമ്പോൾ ക്രിസ്തു പോയ പാതയിൽ കൂടെ തന്നെ നാമും പോകേണ്ടിയിരിക്കുന്നു. അപ്പൊസ്തലനായ പൌലൊസിന് അത് നല്ലത് പോലെ മനസ്സിലായിട്ടുണ്ട്. ഫിലിപ്പ്യർ ലേഖനം മൂന്നാമത്തെ അദ്ധ്യായം ഒക്കെ അതിനനുസാരണമായിട്ട് എഴുതിയിരിക്കുന്ന തൻ്റെ പ്രാത്ഥനയാണ്. എന്നിട്ട് ക്രിസ്തുവിന് കൂട്ടവകാശികൾ എല്ലാവരും കൈ പൊക്കും. ഇതിൽ കൂടുതൽ എന്തോന്നാണ്? ക്രിസ്തുവിന് കൂട്ടവകാശികൾ. പക്ഷേ അവിടെ കൊണ്ട് ഉപദേശി നിർത്തും. പലപ്പോഴും ഞാൻ അത് ശ്രദ്ധിച്ചിട്ടുണ്ട്. പിൻപിലുള്ള വാക്യങ്ങൾ ഒന്നും വായിക്കുകയില്ല. പലപ്പോഴും ഈ അവകാശം എന്ന് പറയുമ്പോൾ ലോകത്തിൻ്റെ ഒരു മേഖലയിൽ ആണ് പലരും ചിന്തിക്കുന്നത്. ക്രിസ്തുവിന് കൂട്ടവകാശികൾ എന്ന് ഒക്കെ പറയുമ്പോൾ ഭൗമീക മേഖലയിൽ ആണ് ചിന്തിക്കുന്നത്. അപ്പോൾ ആണ് കൈയ്യടിയും എല്ലാവരും ചാടി എഴുന്നേൽക്കുന്നതും. എന്നാൽ ഇവിടെ വചനത്തിൽ പറഞ്ഞിരിക്കുന്നത് ഇത് എല്ലാം സ്വർഗ്ഗീയ അവകാശങ്ങൾ ആണ്. കാരണം നമ്മൾ സ്വർഗീയന്മാരാണ് എന്നുള്ള (reality) യാഥാർഥ്യത്തിലേക്ക് നാം വരണം. അപ്പോൾ ലോകമല്ല നമ്മളെ ആകർഷിക്കുന്നത്. ലോകത്തിലുള്ള നമ്മുടെ കണ്ണ് അടഞ്ഞു. പഴയ നിയമ വിശ്വാസികൾ തന്നെ അവർ അന്യരും പരദേശികളും എന്ന് അവർ ഏറ്റുപറഞ്ഞു. അവരൂടെ അവകാശം ഇവിടെ അല്ല. സ്വർഗീയം ആണ് എന്നുള്ളത് അവർക്ക് ബോധം ഉണ്ട്. അബ്രഹാമിന് തന്നെ വാഗ്ദത്ത ദേശം എന്ന് പറഞ്ഞാൽ സ്വർഗീയം കാണുവാനായിട്ടുള്ള ഒരു ദേശത്തിലേക്ക് ആണ് അവനെ കൊണ്ട് വന്നത്. അവിടെ വന്നപ്പോൾ ആണ് മനസ്സിലായത് ഇത് അല്ലല്ലോ യഥാർത്ഥം. അവിടെ എന്തിനാണ് കൊണ്ട്

വന്നത്? സ്വർഗീയമായത് കാണുവാനായിട്ട്. അവിടെ വന്നാണ് സ്വർഗീയമായത് വെളിപ്പെട്ടത്. കനാൻ്റെ അവകാശം എന്ന് പറയുമ്പോൾ അതെല്ലാം യാഗത്തിൻ്റെ ഒരു മേഖലയാണ്. അപ്പോൾ നമ്മുടെ ജീവിതത്തിലും നാം ഓർത്ത് കൊള്ളണം ഇന്ന് നാം ഭൂമിയിൽ ആയിരിക്കുമ്പോൾ ദൈവം നിയമിച്ച് ആക്കിയ ഒരു സ്ഥലത്ത് കൊണ്ട് വന്നിട്ട് നമ്മെ കാണിക്കും അവിടെ വരുമ്പോൾ ആണ് നമ്മുടെ കണ്ണ് തുറക്കുന്നത്. ഇത് വരെ ലോകമാണ് കണ്ട് കൊണ്ടിരുന്നത്. വിശ്വാസ സ്നാനം സ്വീകരിച്ചു, ആത്മസ്നാനം ഒക്കെ കിട്ടി, യോഗത്തിനും കൂട്ടത്തിനും പോകുന്നുണ്ട് പക്ഷെ ലോകം ആണ് കാണുന്നത് ദൈവം നിയമിച്ച് ആക്കിയ സ്ഥലത്തേക്ക് നാം യാത്ര ചെയ്യുന്നില്ല. അത് ആത്മാവിൻ്റെ അനുസരണയിൽ നമ്മളെ കൊണ്ട് വന്നിട്ട്  നമ്മളെ കാണിക്കും, എന്താണ് സ്വർഗീയമായത്? അവരാണ് ലോകം ത്യജിക്കുവാനായിട്ട് ഒരുക്കമുള്ളവർ. സ്വർഗീയമായത് അവർ  കാണുന്നു. അവരുടെ യഥാർത്ഥ അവകാശം എന്താണെന്നുള്ളത് അവർ കാണുന്നു. അവരാണ് അപ്പോസ്തലനെ പോലെ സകലതും ചവറെന്ന് എണ്ണുന്നത്. യേശുക്രിസ്തുവിൻ്റെ പരിജ്ഞാനത്തിൻ്റെ ശ്രേഷ്ഠത നിമിത്തം, ആ പരിജ്ഞാനത്തിൻ്റെ മേഖലയിലേക്കൊക്കെ നമ്മൾ ചെല്ലുമ്പോൾ ആണ് നമ്മുടെ സ്വർഗീയ അവകാശങ്ങളൊക്കെ കാണുവാൻ തുടങ്ങുന്നത്. സ്വർഗീയ അവകാശങ്ങൾ ഒക്കെ കാണുവാൻ  തുടങ്ങുമ്പോൾ ആണ് നമ്മൾ  ത്യജിക്കുവാനായിട്ട് തുടങ്ങുന്നത്. പിന്നെ ലോകം ഇല്ല. ലോകത്തിൽ നിന്ന് നമുക്ക് വിടുതൽ കിട്ടുകയാണ്, സ്വാതന്ത്ര്യം കിട്ടുകയാണ്. ദൈവരാജ്യത്തെ പറ്റിയുള്ള ഉപമയിൽ വിലയേറിയ ഒരു മുത്ത് അന്വേഷിച്ച് ഒരു വ്യാപാരി നടക്കുന്നു. അവസാനം അവൻ കണ്ടെത്തുന്നു. പക്ഷെ ഇത് ലഭിക്കണം എങ്കിൽ തനിക്ക് ഉള്ളതൊക്കെയും വിറ്റ് എങ്കിൽ മാത്രമേ അത് ലഭിക്കുകയുള്ളൂ. അത് വാങ്ങി എന്നാണ്. എന്ന് പറഞ്ഞതുപോലെ നമ്മൾ അത് അന്വേഷിക്കണം, ആത്മാവിൻ്റെ വിധേയത്വത്തിൽ വരണം. ആത്മാവ് നമ്മളെ നടത്തും എന്നിട്ട് പടി പടി ആയിട്ട്  കാണിക്കും. എന്നിട്ട് റോമർ എട്ടാമത്തെ അദ്ധ്യായം പതിനേഴാമത്തെ വാക്യത്തിൻ്റെ അടുത്ത ഭാഗം **നാം അവനോട് കൂടെ തേജസ്സ്കരിക്കപ്പെടേണ്ടതിന് അവനോട് കൂടെ കഷ്ടം അനുഭവിച്ചാലത്രേ.** ആ കഷ്ടം എന്താണെന്നുള്ളത് വചനത്തിലൂടെ നമ്മൾ കണ്ട് പിടിക്കണം. നമ്മൾ പറയും കാറ് ഇടിച്ചതും വീട് പോയതും അല്ലെങ്കിൽ ജോലി പോയതും ഇതൊക്കെയാണ് നമ്മൾ ഈ കഷ്ടം എന്ന് പറയുന്നത്. നമ്മുടെ തോന്നിയവാസങ്ങൾ കൊണ്ട് ഉണ്ടാകുന്ന കഷ്ടങ്ങൾ ഒന്നും അല്ല. വേണമെങ്കിൽ ഒരു മുഖാന്തരം ആക്കാം. എന്നാൽ അതല്ല ക്രിസ്തുവിനെ കുറിച്ചുള്ള പരിജ്ഞാനത്തിൽ നമ്മൾ വളരുവാൻ തുടങ്ങുമ്പോൾ നമ്മുടെ വീട്ടുകാർ തന്നെ നമുക്ക് എതിരാകും. ഇതുവരെ സംഭവിക്കാത്തതായിട്ടുള്ള കാര്യങ്ങൾ നമ്മുടെ ജീവിതത്തിൽ സംഭവിക്കും. നിന്ദ, പരിഹാസം, വിടക്ക്. മത്തായി അഞ്ചാമത്തെ അദ്ധ്യായം പത്താം വാക്യത്തിൽ **നീതി നിമിത്തം ഉപദ്രവിക്കപ്പെടുന്നവർ ഭാഗ്യവാന്മാർ; സ്വർഗ്ഗരാജ്യം അവർക്കുള്ളത്.** ആറാം വാക്യത്തിൽ **നീതിക്ക് വിശന്ന് ദാഹിക്കുന്നവർ ഭാഗ്യവാന്മാർ.** വിശന്ന് ദാഹിച്ച് പ്രാർത്ഥിച്ചു. നമുക്ക് ഫലം കിട്ടിയത് എന്താണ്? **നീതി നിമിത്തം ഉപദ്രവിക്കപ്പെടുന്നവർ ഭാഗ്യവാന്മാർ;** ക്രിസ്തുവിനോടുകൂടെ കഷ്ടം അനുഭവിക്കുന്നതിലൂടെ ഉള്ള മഹത്വം. അത് ആവശ്യം (requirement) ആണോ?  ആവശ്യം ആണ്. യേശു മരണം ആസ്വദിച്ചതുപോലെ, ആ കഷ്ടങ്ങളിൽ കൂടെ കടന്ന് പോയതുപോലെ അത് ആസ്വദിച്ച് കൊണ്ടായിരിക്കും യാത്ര ചെയ്യുന്നത്. കാരണം അതിന് അകത്ത് ഒരു രുചി ഉണ്ട്. അതിനകത്ത് ഒരു പ്രത്യേകത ഉണ്ട്. "കഷ്ടതയോ പട്ടിണിയോ ഉപദ്രവമോ നഗ്നതയോ കഷ്ടം ഏറ്റെൻ യേശുവെപ്പോൾ ആക്കിടുന്നെന്നെ ഒട്ടനേകം സിദ്ധൻമാരോട് ഒത്ത് ചേർന്ന് നിന്ന് സ്തുതിച്ചാർത്തിടുവാൻ അവനെന്നെ യോഗ്യനാക്കി തീർത്തോർത്ത്". റോമർ

അഞ്ചാമത്തെ അദ്ധ്യായം മൂന്നാമത്തെ വാക്യത്തിൽ **കഷ്ടത സഹിഷ്ണുതയെയും സഹിഷ്ണുത സിദ്ധതയെയും സിദ്ധത പ്രത്യാശയെയും,** ദൈവപ്രത്യാശാ, മഹത്വ പ്രത്യാശ, ദൈവ തേജസ്സിൻ്റെ പ്രത്യാശ **ഉളവാക്കുന്നു എന്ന് അറിഞ്ഞ് നാം കഷ്ടങ്ങളിലും പ്രശംസിപ്പിൻ,** ഞാൻ കഷ്ടതയിലും പ്രശംസിക്കുന്നു. ആത്മാവിൽ ആത്മീക വെളിപ്പാടുകൾ ലഭിക്കുമ്പോൾ ആണ്, വചനത്തിൻ്റെ മറഞ്ഞ് കിടക്കുന്ന മർമ്മങ്ങൾ ഒരുവനിൽ ആത്മാവിൽ ലഭിക്കുവാൻ തുടങ്ങുമ്പോൾ ആണ് കഷ്ടത എന്നുള്ളത് ഒരു വലിയ ധനമായിട്ട് എണ്ണുന്നത്, നിന്ദ ഒരു വലിയ ധനമായിട്ട് എണ്ണുന്നത്. മോശ പഴയ നിയമ യുഗത്തിൽ അത് പ്രാപിച്ച് എടുത്ത് എങ്കിൽ പുതിയ നിയമ വിശ്വാസികളായ നമ്മൾ എത്ര അധികം! എബ്രായർ പതിനൊന്നാമത്തെ അദ്ധ്യായം ഇരുപത്തി ആറാമത്തെ വാക്യത്തിൽ **മിസ്രയീമിൻ്റെ നിക്ഷേപങ്ങളെക്കാൾ ക്രിസ്തുവിൻ്റെ നിന്ദ വലിയ ധനം എന്ന്** അവൻ എണ്ണി. റോമർ ആറാമത്തെ അദ്ധ്യായം രണ്ടാമത്തെ വാക്യത്തിൽ **ആകയാൽ പാപസംബന്ധമായി നിങ്ങൾ മരിച്ച് ക്രിസ്തുവിനോട് കൂടെ ദൈവത്തിന് വേണ്ടി ജീവിക്കുക.** അത് കഷ്ടത ആയാലും പട്ടിണി ആയാലും നിന്ദ ആയാലും അത് പോരാട്ടം ആയാലും അത് അവഗണന ആയാലും ലോകത്തിൻ്റെ എന്തെല്ലാം അവസ്ഥ ആയാലും അതിൻ്റെ മധ്യത്തിൽ ആ യാത്ര, നമ്മളെ നിത്യതയിൽ ആ മഹത്വത്തിലേക്കുള്ള ഒരു യാത്രയാണ്. അതൊക്കെ അറിയുവാൻ മൂടുപടം ഒക്കെ നീങ്ങിയാലെ പറ്റുകയുള്ളൂ. ലോകമാകുന്ന മൂടുപടം, ജഡം ആകുന്ന മൂടുപടം ഇതൊക്കെ വചനത്തിൻ്റെയും ആത്മാവിൻ്റെയും ശക്തിയാൽ നീങ്ങി പോകുമ്പോൾ ആത്മീയ കണ്ണുകൾ, ഹൃദയ ദൃഷ്ടികൾ പ്രകാശിച്ച് അവൻ്റെ വിളിയാലുള്ള ആശ ഇന്നതെന്ന് വ്യക്തമായിട്ട് അറിയുവാൻ വിശുദ്ധന്മാരിൽ അവൻ്റെ അവകാശത്തിൻ്റെ മഹിമാധാനം ഇന്നതെന്ന് അറിയുവാനായിട്ട് ആ കണ്ണുകൾ തുറക്കും. അവൻ സാഹചര്യങ്ങളെ അല്ല നോക്കുന്നത്, ചുറ്റുപാടുകളെ അല്ല നോക്കുന്നത്, അവന് എതിരായിട്ട് വരുന്ന ശക്തികളെ അല്ല നോക്കുന്നത് അവൻ്റെ മുൻപിൽ വെച്ചിരിക്കുന്നതായിട്ടുള്ള ലക്ഷ്യം ആണ് നോക്കുന്നത്. എബ്രായർ പന്ത്രണ്ടാമത്തെ അദ്ധ്യായം രണ്ടാമത്തെ വാക്യത്തിൽ പറയുന്നു **വിശ്വാസത്തിൻ്റെ നായകനും പൂർത്തി വരുത്തുന്നവനുമായ യേശുവിനെ നോക്കി** കൊണ്ട് ഒന്നാമത്തെ വാക്യത്തിൽ **നാമും സാക്ഷികളുടെ ഇത്ര വലിയ ഒരു സമൂഹവും നമുക്ക് ചുറ്റും നിൽക്കുന്നത് കൊണ്ട്** അത് കാണുവാൻ തുടങ്ങും, **സകല ഭാരവും മുറുകെ പറ്റുന്ന പാപവും വിട്ട് നമുക്ക് മുൻപിൽ വെച്ചിരിക്കുന്ന ഓട്ടം** എങ്ങനെയും ഓടുകയല്ല **സ്ഥിരതയോടെ** അവൻ ഓടി തികയ്ക്കുകയാണ്. രണ്ട് തിമൊഥെയൊസ് നാലാമത്തെ അദ്ധ്യായം ഏഴാമത്തെ വാക്യത്തിൽ അപ്പോസ്തലൻ തൻ്റെ ജീവിത അന്ത്യത്തിൽ പറയുന്നു **ഞാൻ നല്ല പോർ പൊരുതു, ഓട്ടം തികച്ചു, വിശ്വാസം കാത്തു.** അപ്പോൾ ആ ഓട്ടം തികയ്ക്കുവാനായിട്ട് വിശ്വാസത്തോട് കൂടെയും സ്ഥിരതയോടും കൂടെ മുൻപിൽ വെച്ചിരിക്കുന്നതായിട്ടുള്ള വ്യക്തമായിട്ടുള്ള നമ്മുടെ അവകാശങ്ങളെ കണ്ടുകൊണ്ട് ഓടുന്നവർക്കാണ് ഇത് പ്രാപിച്ച് എടുക്കുവാനായിട്ട് കഴിയുന്നത്. അല്ലാത്ത ക്രിസ്തീയ ജീവിതം എന്ന് പറയുമ്പോൾ അത് വെറും ഒരു, പണ്ട് വെള്ളത്തിൽ എഴുതുന്ന ആശാനെ പോലെ ഉള്ളൂ. നമ്മൾ വരച്ചെന്നിരിക്കും അതിനകത്ത് യാഥാർഥ്യം ഒന്നും ഇല്ല. നമ്മളെ തന്നെ താഴ്ത്തി സമർപ്പിക്കാം. റോമർ എട്ടാമത്തെ അദ്ധ്യായം പതിനേഴാമത്തെ വാക്യത്തിൽ **നാം മക്കൾ എങ്കിലോ അവകാശികളും ആകുന്നു. ദൈവത്തിൻ്റെ അവകാശികളും ക്രിസ്തുവിന് കൂട്ടവകാശികളും തന്നെ. നാം അവനോട് കൂടെ തേജസ്സ്ക്കരിക്കപ്പെടേണ്ടതിന് അവനോട് കൂടെ കഷ്ടം അനുഭവിച്ചാലത്രേ.** ആത്മ നിറവിൻ ജീവിതം. ആത്മാവിനെ അനുസരിച്ചുള്ള ജീവിതം ജീവൻ്റെ ആത്മാവിൻ്റെ പ്രമാണത്തിൽ പാപത്തിൻ്റെയും മരണത്തിൻ്റെയും പ്രമാണത്തെ ജയിക്കുന്ന ജീവിതമാണ്

സ്വാതന്ത്ര്യത്തോടുകൂടെ ഉള്ള ജീവിതം. ദൈവവിളിയുടെ മഹത്വം മനസ്സിലാക്കി കൊണ്ട് ആത്മാവിന് വിധേയപ്പെട്ട് വചനത്തിൻ്റെ മഹൽ സത്യങ്ങളിൽ ജീവിക്കുന്നതായിട്ടുള്ള ജീവിതങ്ങളാണ് ഈ അവകാശങ്ങളിലേക്ക് പ്രവേശിക്കുവാനായിട്ട് പോകുന്നത്. അതിന് വേണ്ടി നമ്മളെ തന്നെ താഴ്ത്താം സമർപ്പിക്കാം ദൈവമായ കർത്താവ് നിങ്ങളെ എല്ലാവരെയും അനുഗ്രഹിക്കുമാറാകട്ടെ.

ആമേൻ.

For Technical Assistance

Contact

Amen TV Network
Trivandrum,Kerala
MOb : 999 59 75 980
755 99 75 980
Youtube : amentvnetwork

Pastor.Benny
Thodupuzha
MOb: 9447 82 83 83